കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# ആറ്റിങ്ങൽ നഗരസഭ

# ഓഡിറ്റ് റിപ്പോർട്ട് 2016-17

ജില്ലാ ഓഡിറ്റ് കാര്യാലയം,

തിരുവനന്തപുരം

e-mail:lfadtvm@yahoo.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ.റ്റി.വി.എം/എം.എൽ.1933/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം,

തീയതി: 06.10.2017

Phone No: 0471-2331231

Email: lfadtvm@yahoo.in

ജോയിന്റ് ഡയറക്ടർ

ചെയർമാൻ (സെക്രട്ടറി മുഖേന)

ആറ്റിങ്ങൽ നഗരസഭ.

സർ,

വിഷയം: ആറ്റിങ്ങൽ നഗരസഭ - 2016-17സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994ലെ കേരള നഗരപാലിക നിയമം 295 (4) -ാം വകുപ്പ് എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വർക്കല നഗരസഭയുടെ 2016-17 സാമ്പത്തിക വർഷത്തെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)-ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദി കളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം നഗരസഭയുടെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ നഗരസഭ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെ ടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങൾ 14, 15).

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചുതരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1), ചട്ടം 20, 23, 1997 കേരളാ മുനിസിപ്പാലിറ്റി പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഒപ്പ്

ജോയിന്റ് ഡയറക്ടർ.

1) സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2) ഡയറക്ടർ, നഗരകാര്യവകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

3) ഡയറക്ടർ, കേരളാ സംസ്ഥാന ഓഡിറ്റ് വകുപ്പ് (ഉപരിപത്രം സഹിതം)

4) റീജിയണൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യ വകുപ്പ്, കൊല്ലം.

5) കാര്യാലയ പകർപ്പ്.

നം.കെ.എസ്.എ.റ്റി.വി.എം/എം.എൽ.1933/2017 തീയതി: 03.10.2017

തിരുവനന്തപുരം ജില്ലയിലെ ആറ്റിങ്ങൽ നഗരസഭയുടെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള

## ഓഡിറ്റ് റിപ്പോർട്ട്

*(1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 13-ാം വകുപ്പ്, 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994-ലെ കേരള മുൻസിപ്പൽ ആക്ട് 56, 295, 565(1), (2) വകുപ്പുകൾ, എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)*

തിരുവനന്തപുരം ജില്ലയിലെ ആറ്റിങ്ങൽ നഗരസഭയുടെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. നഗരസഭ 19.12.2016 മുതൽ 31.03.2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകങ്ങൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറി പ്പുകളിലൂടെ നഗരസഭയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 45 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 39എണ്ണത്തിന് മറുപടി ലഭിച്ചു. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാ ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലും തുടർനടപടികൾ നഗരസഭ സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽനിന്നും ലഭ്യമായ രജിസ്റ്ററുകളുടേയും, രേഖകളുടേയും, വിവരങ്ങളുടേയും, വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ, ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും | ശ്രീ.വി.എം.മോഹനൻ പിള്ള<br>ജോയിന്റ് ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 19.09.2017 മുതൽ 28.09.2017 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരുവിവരം | ശ്രീ.ഷിബു.റ്റി, ഓഡിറ്റ് ഓഫീസർ<br>ശ്രീ.മുഹമ്മദ് സലിം.എ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീമതി.ജയലക്ഷ്മി.ആർ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീമതി.ലേഖ.എം.എൽ, സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീ.അരുൺദേവ്.വി.ആർ, ഓഡിറ്റർ |

### നിർവ്വഹണാധികാരികൾ

| | | | |
|---|---|---|---|
| ചെയർമാൻ | ശ്രീ.എം.പ്രദീപ് | 01-04-16 മുതൽ 31-03-17 വരെ | ഗീതാജ്ഞലി,<br>അവനവഞ്ചേരി,<br>തച്ചൂർകുന്ന്, ആറ്റിങ്ങൽ<br>9847115669 |
| സെക്രട്ടറി | ശ്രീ.ആർ.പ്രദീപ് കുമാർ | 01-04-16 മുതൽ 31-03-17 വരെ | നന്ദനം, വാവറമ്പലം, പോത്തൻകോട്<br>9497153748 |

നിർവ്വഹണ ഉദ്യോഗസ്ഥരുടെ വിവരങ്ങൾ

| തസ്തിക | പേര് | കാലയളവ് | മേൽവിലാസം |
|---|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി.യേശുമതി | 01-04-16 മുതൽ 30-04-16വരെ | ഗ്ലോറി ഭവൻ, കാട്ടാക്കട<br>9495827437 |

| | | | |
|---|---|---|---|
| | ശ്രീമതി.നിമ്മി (ഇൻചാർജ്ജ്) | 01-05-16 മുതൽ 23-06-16വരെ | കൊച്ചുതോപ്പിൽ വീട്, പണയിൽക്കടവ്, വക്കം |
| | ശ്രീ.പുരുഷോത്തമൻ | 24-06-16 മുതൽ 31-03-17വരെ | തെക്കേആലുവിള വീട്, എഴുകോൺ പി.ഒ |
| പ്രോജക്ട് ഓഫീസർ | ശ്രീ.പ്രദീപ് കുമാർ.ബി | 01-04-16 മുതൽ 23-07-16വരെ | നന്ദനം, അയന്തി, വർക്കല പി.ഒ |
| | ശ്രീ.മനോജ്.ജി | 23-07-16 മുതൽ 01-08-16വരെ | |
| | ശ്രീമതി.ബീനാകുമാരി | 01-08-16 മുതൽ 31-03-17വരെ | സുരഭി, നരുവാമൂട് പി.ഒ, നേമം(വയ), തിരുവനന്തപുരം<br>9495167494 |
| എസ്.സി.ഡി.ഒ | ശ്രീമതി.സനൂജാബീഗം | 01-04-16 മുതൽ 28-07-16വരെ | സിറാജ് മൻസിൽ, ചിറ്റാറ്റുമുക്ക്, കണിയാപുരം<br>9446387814 |
| | ശ്രീ.കൃഷ്ണകുമാർ | 29-07-16 മുതൽ 31-03-17വരെ | |
| ഐ.സി.ഡി. എസ് സൂപ്പർവൈസർ | ശ്രീമതി.ജ്യോതി | 01-04-16 മുതൽ 31-03-17വരെ | ജെ.എൽ.ഭവൻ, വലിയകട,<br>ചിറയിൻകീഴ് |
| വെറ്റിനറി സർജൻ | ശ്രീ.നജീബ്ഖാൻ | 01-04-16 മുതൽ 31-03-17വരെ | യാസിൻ, ശാന്തി നഗർ, അവനവൻഞ്ചേരി |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.സുനിൽകുമാർ | 01-04-16 മുതൽ 18-01-17വരെ | സൗപർണ്ണിക, എം.എസ്.ജംഗ്ഷൻ, അവനവൻഞ്ചേരി |
| | ഡോ.മേരി ബിന്ദു | 18-01-17 മുതൽ 24-01-17വരെ | TC13/2195(18) പ്രഭലൈൻ,വഞ്ചിയൂർ പി.ഒ, തിരുവനന്തപുരം 35 |
| | ഡോ.അമ്മിണിയമ്മ.എസ് | 25-01-17 മുതൽ 31-03-17വരെ | ഗൗരികേശം, തിരുമുല്ലവാരം, കൊല്ലം |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.വൈ.എം.ഷീജ (ഇൻ ചാർജ്ജ്) | 01-04-16 മുതൽ 18-08-16വരെ | സ്വാതി, നിയർ ബി.എച്ച്.എസ്.എസ്, ആറ്റിങ്ങൽ |
| | ഡോ.കവിത നായർ | 18-08-16 മുതൽ 31-03-17വരെ | പാർവ്വതീ മന്ദിരം, നെടുങ്കടത്ത് വിള,<br>പുന്നമൂട്, വർക്കല |
| സൂപ്രണ്ട് താലൂക്ക് ഹോസ്പിറ്റൽ | ഡോ.ജസ്റ്റിൻ ജോസ്.എസ്.ജെ | 01-04-16 മുതൽ 31-03-17വരെ | റ്റി.സി.21/130(10), എയിഞ്ചൽ വില്ല, ആന്റിയിറക്കം,<br>കരമന, 695002 |
| മുൻസിപ്പൽ എഞ്ചിനീയർ | ശ്രീമതി.ജി.റാണി | 01-04-16 മുതൽ 31-03-17വരെ | മഹേന്ദ്രം, ഉഷസ് ലൈൻ, ആലംകോട് |
| ഐ.ഇ.ഒ | ശ്രീ.മഹേഷ് കുമാർ | 01-04-16 മുതൽ 24-10-16വരെ | |
| | ശ്രീ.ശിവപ്രസാദ് | 25-10-16 മുതൽ 23-12-16വരെ | |
| | ശ്രീമതി.ത്രേസ്യ വിൽമ | 23-12-16 മുതൽ 31-03-17വരെ | ലൗഡെയിൽ പുത്തൻതോപ്പ് പി.ഒ, തിരുവനന്തപുരം |
| ഹെഡ്മാസ്റ്റർ | ശ്രീ.മുരളി | 01-04-16 മുതൽ 31-03-17വരെ | കെ.എസ്.ഭവൻ അഴൂർ പി.ഒ 695105<br>തിരുവനന്തപുരം |

<u>ഉള്ളടക്കം</u>

| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ |
|---|---|---|

| | | |
|---|---|---|
| | ഭാഗം - 1 | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | വാർഷിക ധനകാര്യ പത്രികയിലെ അപാകങ്ങൾ | 1-6 |
| 7 | പദ്ധതി അവലോകനം | 1-7 |
| 8 | പദ്ധതി നിർവ്വഹണ വിവരങ്ങൾ | 1-8 |
| 9 | തനത് വരുമാനം | 1-9 |
| 10 | ക്ഷേമപദ്ധതികൾ | 1-10 |
| 11 | ക്യാഷ് വെരിഫിക്കേഷൻ | 1-11 |
| 12 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-12 |
| 13 | ആഭ്യന്തര നിയന്ത്രണ സംവിധാനത്തിലെ പാളിച്ചകൾ | 1-13 |
| | ഭാഗം - 2 | |
| 14 | തൊഴിൽ നികുതി ഈടാക്കുന്നതിൽ അപാകം | 2-1 |
| 15 | *ബങ്ക്/ഷോപ്പിംഗ് കോംപ്ലക്സ് വാടക കുടിശ്ശിക ഈടാക്കിയിട്ടില്ല* | 2-2 |
| 16 | *മൊബൈൽ ടവറുകളിൽ നിന്നും വസ്തുനികുതി ഈടാക്കുന്നില്ല.* | 2-3 |
| 17 | *വർക്കേഴ്സ് വെൽഫയർ ഫണ്ടിനായി പിരിച്ച തുകയുടെ കളക്ഷൻ ചാർജ് ഈടാക്കാത്തത് മൂലം നഷ്ടം* | 2-4 |
| 18 | ലൈസൻസ്ഡ് മണി ലെൻഡേഴ്സിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയില്ല | 2-5 |
| 19 | *അനധികൃത കെട്ടിടനിർമ്മാണം-രജിസ്റ്റർ പരിപാലിക്കുന്നതിൽ അപാകത* | 2-6 |
| 20 | *ഡി & ഒ ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല* | 2-7 |
| 21 | പ്രവൃത്തിയുടെ കരാർ ചമയ്ക്കുന്നതിൽ കാലതാമസം - പിഴ ഈടാക്കിയില്ല | 2-8 |
| 22 | *കരാർ സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തിയാക്കിയില്ല – പിഴ ഈടാക്കിയില്ല – നഷ്ടം 2231/- രൂപ* | 2-9 |
| 23 | *വസ്തുനികുതി പരിഷ്കരണം പൂർത്തിയായിട്ടില്ല* | 2-10 |
| 24 | ഇ ടെണ്ടർ സംവിധാനത്തിൽ നിന്നും ലഭിക്കേണ്ട ടെണ്ടർ ഫോറം വില ജില്ല പഞ്ചായത്തിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ് | 2-11 |
| | ഭാഗം - 3 | |
| 25 | പ്രോജക്ട് രേഖകൾ ഹാജരാക്കിയില്ല ചെലവ് തടസ്സപ്പെടുത്തുന്നു | 3-1 |
| 26 | ഗുണഭോക്തൃലിസ്റ്റ് തയ്യാറാക്കിയതിൽ അപാകം- പദ്ധതി സമയ ബന്ധിതമായി നടപ്പാകാനായില്ല. | 3-2 |
| 27 | പ്രോജക്ടിൽ വകയിരുത്തിയ തുകയിൽ അധികരിച്ച് ചെലവഴിക്കുന്നത് ക്രമവിരുദ്ധം | 3-3 |
| 28 | നഗരസഭ ഓഫീസിൽ എ.സി സൗകര്യം ഏർപ്പെടുത്തൽ നടപടി ക്രമങ്ങളിൽ വീഴ്ച – ചെലവ് തുക 69338/- തടസ്സപ്പെടുത്തുന്നു. | 3-4 |
| 29 | നഗരസഭ കോൺട്രാക്ടർ മുമ്പുപയോഗിച്ച മുദ്രപ്പത്രങ്ങൾ തിരുത്തൽ വരുത്തി വീണ്ടും കരാർ സമർപ്പിച്ചു - നടപടി സ്വീകരിച്ചില്ല | 3-5 |
| 30 | മുൻസിപ്പൽ കണ്ടിജന്റ് എംപ്ലോയീസ് ഡെത്ത് കം റിട്ടയർമെന്റ് ബനഫിറ്റ് - മാസ വിഹിതം ഈടാക്കുന്നില്ല. | 3-6 |
| 31 | അഡ്വാൻസുകൾ അഡ്ജസ്റ്റ് ചെയ്തിട്ടില്ല | 3-7 |
| 32 | ചെലവ് തുകയ്ക്കുള്ള മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല. | 3-8 |
| 33 | സബ്സിഡിയിൽ അധികരിച്ച് തുക ചെലവഴിച്ചു | 3-9 |
| 34 | *ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് ഇല്ലാതെ അംഗൻവാടികൾ പ്രവൃത്തിക്കുന്നു* | 3-10 |

| | | |
|---|---|---|
| 35 | അയ്യൻകാളി നഗര തൊഴിലുറപ്പ് പദ്ധതി - അവലോകനം | 3-11 |
| 36 | നഗരസഭയിലെ സോഫ്റ്റ് വെയറുകളുടെ പ്രവർത്തനം- അവലോകനം | 3-12 |
| 37 | എർത്ത് ഫില്ലിംഗ് അധിക നിരക്ക് അനുവദിച്ചു. 19808/- രൂപ നിരാകരിക്കുന്നു. | 3-13 |
| 38 | നഗരസഭയ്ക്ക് ജനറേറ്റർ വാങ്ങൽ - നടപടി ക്രമങ്ങളിൽ വീഴ്ച | 3-14 |
| 39 | സർക്കാരിലേയ്ക്ക് അടവാക്കേണ്ട നികുതി തുകകൾ യഥാസമയം അടവാക്കുന്നില്ല. | 3-15 |
| 40 | ജീവനക്കാരുടെ ക്ഷാമബത്ത കുടിശിക യഥാസമയം അടവാക്കിയിട്ടില്ല. | 3-16 |
| | ഭാഗം - 4 | |
| 41 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച തുകയുടെ വിവരങ്ങൾ | 4-1 |
| 42 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 43 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം | 4-3 |
| 44 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 45 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 46 | ഓഡിറ്റ് റിക്കവറി | 4-6 |
| 47 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 48 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 49 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-9 |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് അംഗീകരിച്ചതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| ബജറ്റ് അംഗീകരിച്ച തീയതി | 02.03.2016 |
| തീരുമാന നമ്പർ | I |
| പ്രതീക്ഷിത വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | 526469717 |
| ചെലവ് | 368723900 |
| നീക്കിയിരിപ്പ് | 157745817 |
| ബജറ്റ് ഫങ്ഷൻ ഫങ്ഷണറി അടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടില്ല | |

## 1-2 വാർഷിക ധനകാര്യപത്രിക

| ധനകാര്യപത്രിക ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31-07-2017 | 26.07.2017 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| അനുബന്ധം -1 ൽ ഉൾപ്പെടുത്തിയിട്ടുണ്ട് | | |

## 1-4 സാമ്പത്തിക വിശകലനം

(റസീറ്റ് & പേമെന്റ് പ്രകാരം)

| ഇനം | തുക |
|---|---|
| മുന്നിരിപ്പ് | 34671073 |
| വരവ് | 229529796 |
| ആകെ | 264200869 |
| ചെലവ് | 199610709 |
| നീക്കിയിരിപ്പ് | 64590160 |

## 1-5 ഫണ്ട് വിനിയോഗം

(സ്ഥാപനത്തിലെ എ.സി.ആർ, പാസ്സ് ബുക്ക്, ക്യാഷ് ബുക്ക് എന്നീ രേഖകളുടെ അടിസ്ഥാനത്തിൽ)

| ഇനം | മുൻ ബാക്കി | വരവ് | ആകെ | ചെലവ് | ബാക്കി |
|---|---|---|---|---|---|
| വികസന ഫണ്ട് (പൊതു വിഭാഗം) | 0 | 26820374 | 26820374 | 26820374 | 0 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 12054237 | 12054237 | 12054237 | 0 |
| ധനകാര്യകമ്മീഷൻ അവാർഡ് | 0 | 29686706 | 29686706 | 29686706 | 0 |
| ലോകബാങ്ക് സഹായം | 0 | 5058566 | 5058566 | 5058566 | 0 |
| മെയിന്റനൻസ് ഫണ്ട് (റോഡ്) | 0 | 20575396 | 20575396 | 20575396 | 0 |
| മെയിന്റനൻസ് ഫണ്ട് (റോഡിതരം) | 0 | 6890009 | 6890009 | 6890009 | 0 |

| | | | | | |
|---|---|---|---|---|---|
| എസ്.ബി.റ്റി തനത് ഫണ്ട്.57034965128 | 7319870.11 | 90593915.11 | 97913785.22 | 85103858.11 | 12809927.11 |
| എസ്.ബി.ഐ (സാലറി) 33741511962 | 186807 | 350480 | 537287 | 35639 | 501648 |
| ട്രഷറി TPA 201 (റെഗുലർ പെൻഷൻ) | 39964 | 10469805 | 10509769 | 9810768 | 699001 |
| TPA 227 | 48491 | 11683970 | 11732461 | 11074532 | 657929 |
| TPA 154 | 25637 | 2494968 | 2520605 | 2411536 | 109069 |
| ട്രഷറി 8448-102MF | 10914 | 0 | 10914 | 0 | 10914 |
| എസ്.ബി.റ്റി- EIUS 67024304517 | 546784 | 29403 | 576187 | 0 | 576187 |
| കാനറ ബാങ്ക് (ക്ലീൻ കേരള), 2790101001338 | 3026348 | 65596 | 3091944 | 2002500 | 1089444 |
| യൂണിയൻ ബാങ്ക്-IDSMT, 535702010000226 | 327060 | 12172 | 339232 | 0 | 339232 |
| ബാങ്ക് ഓഫ് ഇന്ത്യ IDSMT, 852510100005105 | 13322.06 | 542 | 13864.06 | 0 | 13864.06 |
| ഐ.ഒ.ബി, IDSMT 141501000002624 | 491150 | 19895 | 511045 | 62 | 510983 |
| എസ്.ബി.റ്റി, (എസ്.എസ്.എ), 67045067727 | 1201309 | 64667 | 1265976 | 0 | 1265976 |
| കാനറ ബാങ്ക് (UIDSSMT), 2790101003888 | 4363765 | 169829 | 4533594 | 80000 | 4453594 |

| | | | | | |
|---|---|---|---|---|---|
| കാനറ ബാങ്ക് (PCB award), 2790101003357 | 580741 | 3593370 | 4174111 | 96250 | 4077861 |
| എസ്.ബി.റ്റി, (CDPO) 67076288016 | 204050 | 864437 | 1068487 | 499686 | 568801 |
| കാനറ ബാങ്ക് (AUEGS), 2790101005215 | 1169525 | 2742064 | 3911589 | 1038898 | 2872691 |
| ഐസിഐസിഐ ബാങ്ക് (സ്വച്ച്ഭാരത്), 075205001212 | 1237932 | 2127068 | 3365000 | 1839300 | 1525700 |
| കാനറ ബാങ്ക് (സാക്ഷരത), 2790101003348 | 786249 | 210699 | 996948 | 510000 | 486948 |
| എസ്.ബി.ഐ (AUEGS) 332590098900 | 14638 | 961 | 15599 | 0 | 15599 |
| ഐ.ഒ.ബി(SJSRY) 141501000001158 | 212204 | 8596 | 220800 | 0 | 220800 |
| ഐ.ഒ.ബി(IHSDP) 141501000002624 | 4457189 | 179438 | 4636627 | 65000 | 4571627 |
| സിൻഡിക്കേറ്റ് ബാങ്ക് 40202210014286 | 266758 | 10831 | 277589 | 0 | 277589 |
| സിൻഡിക്കേറ്റ് ബാങ്ക് 40202210013656 | 4814356 | 270536 | 5084892 | 210942 | 4873950 |
| STSB | 2665303 | 18411838 | 21077141 | 17315229 | 3761912 |

| | | | | | |
|---|---|---|---|---|---|
| കാനറ ബാങ്ക് (പെൻഷൻ) 2790101008570 | 2609 | 378 | 2987 | 69 | 2918 |
| ഐ.സി.ഐ.സി. ഐ. ബാങ്ക് (PMAY) 075201000900 | 0 | 2402630 | 2402630 | 0 | 2402630 |
| ഐ.ഡി.ബി.ഐ (slauter house), 1199104000047205 | 0 | 12708351 | 12708351 | 0 | 12708351 |
| കാനറ ബാങ്ക് (NULM) 2790101010938 | 0 | 2423409 | 2423409 | 0 | 2423409 |
| ക്യാഷ് ബാലൻസ് | 658098 | 761606 | 1419704 | 658098 | 761606 |
| ആകെ | 34671073.17 | 263756742.11 | 298427815.28 | 233837655.11 | 64590160.17 |

## 1-6 വാർഷിക ധനകാര്യ പത്രികയിലെ അപാകങ്ങൾ

1. വാർഷിക ധനകാര്യ പത്രികയിലെ വരവ് ചെലവും സ്ഥാപനം സൂക്ഷിച്ചിട്ടുള്ള രജിസ്റ്ററുകൾ പ്രകാരമുള്ള വരവ് ചെലവുകളിൽ പൊരുത്തമില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം 18/25.09.17 ന് നഗരസഭയുടെ എസ്.ബി.റ്റി തനത് ഫണ്ട് അക്കൗണ്ടിൽ നിന്നും പെൻഷൻ അക്കൗണ്ടുകളായ റ്റി.പി.എ 201, 227, 154 (പി.എഫ്) എന്നീ അക്കൗണ്ടുകളിലേക്ക് സർവീസ് പെൻഷൻ അനുവദിക്കുന്നതിന് തുക മാറ്റി ഡെപ്പോസിറ്റ് ചെയ്യുന്നതിനാൽ പ്രസ്തുത അക്കൗണ്ടിന്റെ വരവ് ചെലവ് തുകകളിൽ ഇരട്ടിപ്പുണ്ടാകുന്നു എന്നറിയിച്ചു. മേൽ സൂചിപ്പിച്ച വിവരം പരിഗണിച്ചാൽ ഒ.ബി, സി.ബി പാസ്സ് ബുക്ക് ക്യാഷ്ബുക്കുമായി പൊരുത്തപ്പെടുന്നു.
2. സാംഖ്യ ജനറൽ ലഡ്ജർ ട്രയൽ ബാലൻസിലെ എക്സസ് ഓഫ് ഇൻകം ഓവർ എക്സ്പെൻഡിച്ചർ എന്ന ഹെഡിലെ 2015-16 ലെ സി.ബി 2016-17 ലെ ഒബി യുമായി പൊരുത്തപ്പെടുന്നില്ല. 31.03.16-ലെ ബാലൻസ് 4109098.55/-, 01.04.16 ലെ ബാലൻസ് 2232721/-
3. സാമൂഹ്യ സുരക്ഷ പെൻഷൻ (അഗ്രി.ലേബർ, വാർദ്ധക്യകാല പെൻഷൻ മുതലായവ) ഡിബിറ്റി സെൽ മുഖേന സർക്കാർ നേരിട്ട് ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിനാൽ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.
4. വസ്തുനികുതി സംബന്ധിച്ച സഞ്ചയ സാംഖ്യ ഇന്റഗ്രേഷൻ പൂർത്തിയാകാത്തതിനാൽ ഡി.സി.ബി -യുടെ നിജസ്ഥിതി ഉറപ്പാകാനായില്ല.
5. വാർഷിക പത്രികയിലെ B9 ഷെഡ്യൂളിൽ ലൈബ്രറി സെസ്സ് പേയബിൾ 1851601/- രൂപയും വാറ്റ് പേയബിൾ 56643/- രൂപയും സർവീസ് ടാക്സ് പേയബിൾ 236691/- രൂപയും അതേഴ്സ് പേയബിൾ എന്ന

ഇനത്തിൽ 1044019/- രൂപയും കാണുന്നു. എന്നാൽ പ്രസ്തുത ഇനത്തിന്റെ രജിസ്റ്ററുകൾ പരിശോധിച്ചതിൽ 16-17 സാമ്പത്തിക വർഷത്തിൽ ഒടുക്കുവരുത്തുവാൻ ബാക്കിയുള്ള തുക യഥാക്രമം ലൈബ്രറി സെസ്സ് - 1442313 രൂപയും, (2016-17 ൽ 957093/- രൂപയും 15-16 II ൽ 485220/- രൂപയും) സർവീസ് ടാക്സ് - 124409/-രൂപയും അതേഴ്സ് പേയബിൾ എന്ന ഹെഡിൽ സിനിമ സെസ്സ് ഇനത്തിലുള്ള 523491 രൂപയും ടാറിന്റെ വില റീക്കൂപ്പ് ചെയ്ത ഇനത്തിലുള്ള 178771/- രൂപയും ഉൾപ്പെടെ ആകെ ബാധ്യത 702262/- രൂപയുമാണ്.

6. വരവിനങ്ങൾ പൊരുത്തക്കേട്.

| | വാർഷികധനകാര്യ പത്രികപ്രകാരം | രജിസ്റ്റർ/ രേഖകൾ പ്രകാരം |
|---|---|---|
| ൗൺഹാൾ വാടക | 2095775 | 2087775 |
| കോൺഫറൻസ്ഹാൾ | 185750 | 166250 |
| വിനോദ നികുതി | 8181943 | ഡി.സി.ബി തയ്യാറാക്കിയിട്ടില്ല. |
| വസ്തു നികുതി | 14781830 (കറണ്ട്)<br>4034819 (അരിയർ) | 352870 (സഞ്ചയ 31.3.17പ്രകാരം) 26768 |
| ബസ്റ്റാന്റ് ഫീസ് | 1200750 | 1600999 |
| സ്ലോട്ടർ ഹൗസ് ഫീ | 620000 | 720000 |

7. ആസ്തി ബാധ്യതകൾ പൂർണമായും ഉൾപ്പെടുത്തിയിട്ടില്ല. ഉദാഹരണം 3/17 വരെയുള്ള വെള്ളക്കരം കുടിശ്ശിക 5345852/-രൂപ. ആസ്തി രജിസ്റ്റർ അപ്ഗ്രഡേഷൻ പൂർത്തിയായിട്ടില്ല.

## 1-7 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | പദ്ധതി അടങ്കൽ | നടപ്പാക്കിയത് | പദ്ധതി ചെലവ് | ഭാഗിക മായി നടപ്പാ ക്കിയത് | നടപ്പാ ക്കാത്തവ | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 255 | 140977103 | 116 | 101085288 | 76 | 63 | 45.49 |

## 1-8 പദ്ധതി നിർവ്വഹണ വിവരങ്ങൾ

| വിഭാഗം | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ഉത്പാദനം | | സേവനം | | പശ്ചാതലം | |
|---|---|---|---|---|---|---|---|---|
| | | | ചെലവ് തുക | % | ചെലവ് തുക | % | ചെലവ് തുക | % |
| പൊതു വിഭാഗം | 37426092 | 26820374 | 5298489 | 14.15 | 18926945 | 50.57 | 2594940 | 6.93 |
| എസ്.സി.പി | 20336962 | 12054237 | 285000 | 1.40 | 11033815 | 54.25 | 735422 | 3.61 |
| ലോക ബാങ്ക് | 7554864 | 5058566 | - | - | 1492759 | 19.75 | 3565807 | 47.19 |
| ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 40322970 | 29686706 | 334536 | .82 | 12738971 | 31.59 | 16613199 | 41.20 |
| ആകെ | 1105640888 | 73619883 | 5918025 | 5.60 | 44192490 | 41.83 | 23509368 | 22.25 |
| മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | 27534741 | 20575396 | - | - | - | - | 20575396 | 74.73 |
| മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) | 7801474 | 6890009 | 95000 | 1.21 | 4656041 | 59.68 | 2138968 | 27.41 |
| ആകെ | 35336215 | 27465405 | 95000 | .26 | 4656041 | 13.17 | 22714364 | 64.28 |

# 1-9 <u>തനത് വരുമാനം</u>

സ്ഥാപനത്തിന് ഓഡിറ്റ് വർഷങ്ങളിൽ തനതു വരുമാനത്തിൽ ലഭിച്ച വരുമാനത്തിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ഇനം | മുൻവർഷം (2015-16) | തൻവർഷം (2016-17) | വ്യത്യാസം |
|---|---|---|---|
| *നികുതി വരവുകൾ* | | | |
| വിനോദ നികുതി | 4559584 | 8181943 | 3622359 |
| തൊഴിൽ നികുതി | 9264632 | 10018294 | 753662 |
| കെട്ടിടനികുതി | 17491662 | 18816649 | 1324987 |
| പരസ്യനികുതി | 38200 | 402500 | 20500 |
| *നികുതിയേതര വരവുകൾ* | | | |
| ലേലം | 5567051 | 6525264 | 958213 |
| ഷോപ്പിംഗ് കോംപ്ലക്സ് | 2824384 | 3211131 | 386747 |
| ഡി ആന്റ് ഓ ലൈസൻസ് | 1665083 | 2120203 | 455120 |

| | | | |
|---|---|---|---|
| മറ്റ് വരവുകൾ | 18901384 | 41337015 | 22345631 |
| ആകെ | 60745780 | 90504309 | 29758529 |

## 1-10 ക്ഷേമപദ്ധതികൾ

നഗരസഭ നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 744 | 1565840 |
| വിധവാ പെൻഷൻ | 6414 | 14235230 |
| വാർദ്ധക്യകാല പെൻഷൻ | 10805 | 22226835 |
| വികലാംഗ പെൻഷൻ | 1247 | 2897145 |
| 50വയസ്സിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 335 | 788040 |
| തൊഴിൽ രഹിത വേതനം | 560 | 489000 |
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 15 | 450000 |

## 1-11 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ 19-09-2017 ന് 10.10 Amന് നടത്തുകയുണ്ടായി. പരിശോധനയിൽ, നീക്കിയിരിപ്പ് തുകയായ 676057/- (ആറ് ലക്ഷത്തി എഴുപത്തി ആറായിരത്തി അമ്പത്തി ഏഴ്) രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

## 1-12 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 29.11.2016 | 2015-16 II & 2016-17 I | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ | ഡിസംബർ 2016 | 2012-13മുതൽ | 27.03.2017 |

| | | | |
|---|---|---|---|
| ഓഡിറ്റ് | | 2015-16 വരെ | |

## 1-13 ആഭ്യന്തര നിയന്ത്രണ സംവിധാനത്തിലെ പാളിച്ചകൾ

സ്റ്റാന്റിംഗ് കമ്മിറ്റി മിനിട്ട്സുകളിലെ തീരുമാനം പൂർണ്ണമായി രേഖപ്പെടുത്താതെ മിനിട്ട്സ് ബുക്കിലെ പേജുകൾ ശൂന്യമായി സൂക്ഷിക്കുന്നു. ഉദാഹരണം ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മിനിട്ട്സ് പേജ് 98, 99, 100, 101, 102. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പേജ് 68, 69, 70, 71, 72, 73. വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി മിനിട്ട്സ് പേജ് നം 29, 30, 31, 45, 46, 47. പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റി പേജ് 32, 33, 34, 35, 36, 37. ഫയലുകളുടെ മൂവ്മെന്റ് രജിസ്റ്ററിൽ കൃത്യമായ രേഖപ്പെടുത്തലുകൾ വരുത്തുന്നില്ല. വരവിനങ്ങളുടെ ഡി.സി.ബി തയ്യാറാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല. ഓരോ പ്രോജക്ടുകൾക്കും ഒരു മോണിട്ടറിംഗ് സംവിധാനം ഉണ്ടായിരിക്കേണ്ടതാണ്. വിവിധ വിഷയങ്ങൾ സംബന്ധിച്ച മോണിട്ടറിംഗ് അതാത് മേഖലയിലെ വർക്കിംഗ് ഗ്രൂപ്പ് തന്നെയാണ് മോണിട്ടറിംഗ് കമ്മിറ്റിയായി രൂപാന്തരപ്പെടേണ്ടതും മോണിട്ടറിംഗ് നടത്തേണ്ടതും. പ്രസ്തുത സർക്കാർ നിർദ്ദേശം ഇവിടെ പാലിച്ചിട്ടില്ല.

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 തൊഴിൽ നികുതി ഈടാക്കുന്നതിൽ അപാകം

1. *താഴെപ്പറയുന്ന ജീവനക്കാരിൽ നിന്നും 2016-17 വർഷം തൊഴിൽ നികുതി കുറവായാണ് ഈടാക്കിയിരിക്കുന്നത്.*

| ക്രമ നം | ജീവനക്കാർ/ സ്ഥാപനത്തിന്റെ പേര് | അർദ്ധ വർഷം | അർദ്ധ വർഷ വരുമാനം | ഈടാക്കേണ്ട നികുതി | ഈടാക്കിയത് | വ്യത്യാസം |
|---|---|---|---|---|---|---|
| 1 | മേരികുട്ടി.ആർ<br>പി.റ്റി.എസ്,<br>കെ.എസ്.എഫ്.ഇ. ഈവനിംഗ് ബ്രാഞ്ച് | I | 75150 | 750 | 600 | 150 |
| 2 | ആൻസി അസീസ് , സെയിൽസ് മാനേജർ,<br>സ്റ്റാർ ഹെൽത്ത് & അലൈഡ് ഇൻഷ്വറൻസ് | I | 46525 | 450 | 300 | 15 |

2. സ്റ്റാർ ഹെൽത്ത് & അലൈഡ് ഇൻഷ്വറൻസ് എന്ന സ്ഥാപനം ഒന്നാം അർദ്ധവർഷംസമർപ്പിച്ച പത്രികയിൽ പ്രതിമാസ വരുമാനം, അർദ്ധവർഷ വരുമാനം എന്നിവ പൊരുത്തപ്പെടുന്നില്ല . ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമ നം | ജീവനക്കാർ | പ്രതിമാസ വരുമാനം | അർദ്ധവർഷ വരുമാനം | റിമാർക്സ് |
|---|---|---|---|---|
| 1 | അഷറഫ്.എം<br>സെയിൽസ് മാനേജർ | 8664 | 29532 | അർദ്ധവർഷ വരുമാനം കണക്കാക്കിയിരിക്കുന്നത് എങ്ങനെയെന്ന് |

| | | | | |
|---|---|---|---|---|
| 2 | സിന്ധു.എസ്, സെയിൽസ് മാനേജർ | 8664 | 29532 | വ്യക്തമല്ല |
| 3 | ജലജാമണി.എസ് സെയിൽസ് മാനേജർ | 8664 | 37544 | |

3. ഐ.സി.ഐ.സി.ഐ പ്രൊഡൻഷ്യൽ (ഒന്നാം അർദ്ധവർഷം), ശ്രീരാം ട്രാൻസ്പോർട്ട് ഫിനാൻസ് ലിമിറ്റഡ് (രണ്ടാം അർദ്ധവർഷം) എന്നിവർ സമർപ്പിച്ച പത്രിക പൂർണ്ണമല്ല. ഇവയിൽ വരുമാനം രേഖപ്പെടുത്താതെ നികുതി മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഐ.സി.ഐ.സി.ഐ പ്രൊഡൻഷ്യൽ (ഒന്നാം അർദ്ധവർഷം) അമല.പി.നായർ, തമന്ന തഹാർ എന്നിവർക്ക് നികുതി ഇല്ലാത്തതിന് കാരണം വ്യക്തമല്ല.

4. 2016-17 സാമ്പത്തിക വർഷത്തിൽ നഗരസഭ പരിധിയിൽ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയ കരാറു കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

*ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 13) തൊഴിൽ നികുതി ഈടാക്കുന്നതിനും അപാകതകൾ പരിഹരിക്കുന്നതിനും നോട്ടീസ് നൽകിയിട്ടുണ്ടെന്നും മറുപടി ലഭിച്ചു. നടപടി ത്വരിതപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.*

## 2-2 ബങ്ക്/ഷോപ്പിംഗ് കോംപ്ലക്സ് വാടക കുടിശ്ശിക ഈടാക്കിയിട്ടില്ല

*1) ചുവടെപ്പറയുന്ന വ്യക്തികളിൽ നിന്നും ബങ്ക്/ഷോപ്പിംഗ് കോംപ്ലക്സ് വാടക കുടിശ്ശിക ഈടാക്കുവാനുണ്ട്.*

| ക്രമ നം. | വാടകക്കാരന്റെ പേര് | കടമുറി/നം. | ഈടാക്കാനുള്ള തുക |
|---|---|---|---|
| 1 | അരവിന്ദാക്ഷൻ, മുഴിവിള വീട്, അവനവൻഞ്ചേരി | XXI/319 | 3308 (827 x 4) |
| 2 | ദസ്തക്കീർ, കാട്ടുവിള പുത്തൻ വീട്, പള്ളിമുക്ക്, ആലംകോട് | XI/1322 | 6616 (3308 x 2) |
| 3 | അനിൽ, പുഴയോരം, ടി.ബി.ജംഗ്ഷൻ, ആറ്റിങ്ങൽ | IV/52(1) | 29772 (4962 x 6) |
| 4 | ശ്രീകുമാർ.എ, ശ്രീലകം, എം.ആർ.ലൈൻ, മാർക്കറ്റ് റോഡ്, ആറ്റിങ്ങൽ | XXVI/391(4) | 15470 (3094 x 5) |
| 6 | ബീന, ചരുവിളപുത്തൻവീട്, വലിയകുന്ന്, ആറ്റിങ്ങൽ | ബങ്ക് മാമം ഗ്രൗണ്ട് | 330 |

*2) ടൗൺ യു.പി.എസ് ജംഗ്ഷൻ ബങ്ക് (മണിയൻപിള്ള, നിലയ്ക്കൽ വീട്, പുരവൂർ, ചിറയിൻകീഴ്) 2013-14 മുതൽ വാടക അടയ്ക്കുന്നില്ല.*

*ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.16-ന്) കുടിശ്ശിക വരുത്തിയ ലൈസൻസികളിൽ നിന്നും കുടിശ്ശികയും തൻവർഷത്തെ തുകയും ഒടുക്കുന്നതിന് അറിയിപ്പ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും. ടൗൺ യു.പി.എസ് ജംഗ്ഷൻ ബങ്ക് ഉടമയ്ക്ക് അറിയിപ്പ് നൽകിയതിൽ ടി ബങ്ക് നഗരസഭയുടേതല്ല എന്നും സ്വന്തമായി സ്ഥാപിച്ചതാണെന്ന് അറിയിച്ചതിനാൽ പരിശോധിച്ച്*

*തുടർനടപടികൾ സ്വീകരിക്കുമെന്നും മറുപടി ലഭിച്ചു. വാടക കുടിശ്ശിക അടിയന്തിരമായി ഈടാക്കി വിവരം ഓഡിറ്റിനെ ധരിപ്പിക്കേണ്ടതാണ്.*

## 2-3 മൊബൈൽ ടവറുകളിൽ നിന്നും വസ്തുനികുതി ഈടാക്കുന്നില്ല.

*മൊബൈൽ 22നമ്പള്ള മറുപടി പ്രകാരം നഗരസഭ മേഖലയിൽ ആകെ 2011-ലെ കേരള മുനിസിപ്പാലിറ്റി വസ്തുനികുതി ചട്ടം 233(1)(3)-ൽ മുനിസിപ്പാലിറ്റിയുടെ വസ്തുനികുതി നിരക്ക് നിശ്ചയിക്കേണ്ടത് മുനിസിപ്പൽ കൗൺസിലും സെക്രട്ടറിയെ നികുതി ചുമത്തൽ അധികാരിയു മായാണ് വകുപ്പ് 509(2)ൽ നിഷ്കർഷിച്ചിരിക്കുന്നത്. ആയതിനാൽ നഗരസഭ അതിന്റെ അധികാര പരിധിയിൽ മൊബൈൽ ടവറുകൾ സ്ഥാപി ച്ചിട്ടുള്ള സ്ഥാപനങ്ങളിൽ നിന്നും വസ്തുനികുതി ഈടാക്കേണ്ടതാണ്. (ജി.ഒ.(എം.എസ്)നം.113/2009/തസ്വഭവ തീയതി 02.01.2009)*

*ടി വിഷയംസംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.08ടവറുകൾ പ്രവർത്തിക്കുന്നതായും അവയിൽ 4 ടവറുകൾ വസ്തുനികുതി അടവാക്കിയിട്ടുള്ളതും 18 ടവറുകളാണ് വസ്തുനികുതി അടവാക്കാത്തതും എന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്.*

## 2-4 വർക്കേഴ്സ് വെൽഫയർ ഫണ്ടിനായി പിരിച്ച തുകയുടെ കളക്ഷൻ ചാർജ് ഈടാക്കാത്തത് മൂലം നഷ്ടം

*1996 ലെ കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ സെസ്സ് നിയമത്തിലെ വകുപ്പ 3(3) പ്രകാരം കേരള കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ഫണ്ടിനായി പിരിക്കുന്ന തുകയുടെ ഒരു ശതമാനം പിരിച്ചെടുക്കുന്ന അതോറിറ്റിയുടെ തനത് ഫണ്ടിലേക്ക് മുതൽ കൂട്ടാവുന്നതാണ്. നഗരസഭയിൽ 2016-17 സാമ്പത്തിക വർഷത്തിൽ വിവിധ മരാമത്ത് പ്രവൃത്തികളിൽ നിന്നുമായി 489377/-രൂപ ഈടാക്കി കേരള കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ഫണ്ടിലേക്ക് ഒടുക്ക് വരുത്തിയിരുന്നു.പ്രസ്തുത തുകയുടെ ഒരു ശതമാനമായ 4894/- രൂപ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ്.*

## 2-5 ലൈസൻസ്ഡ് മണി ലെൻഡേഴ്സിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയില്ല

www.keralataxes.gov.in/kmldealers വെബ്സൈറ്റ് പ്രകാരം നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന ലൈസൻസ്ഡ് മണി ലെൻഡേഴ്സിൽ (List of Licence holders under Kerala Money Lenders Act 1958 as on 15-May-2014)നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല.

| Licence No. | Dealer Name | Business Name | Business Address |
|---|---|---|---|
| 32010518518 | SYAMALADEVI | ASWATHI FINANCE | ASWATHI FINANCE, 327, MARKET ROAD, 29, ATTINGAL, ATTINGAL |
| 32010506649 | DAMODARAN | JAYASREE FINANCIERS | JAYASREE FINANCIERS, 40, KEEZHATTINGAL, IV, KEEZHATTINGAL, ATTINGAL |

| | | | |
|---|---|---|---|
| | | | |
| 32010527968 | S.SHAHIDA BEEVI | M/S.ATTINGAL FINANCIERS | AL BASAL BUILDINGS, AMC XI/398, NEAR B.H.S, ATTINGAL, XI, ATTINGAL, ATTINGAL |
| 32010532569 | RAJATHA | MAHADEVA FINANCE | MT BUILDING, AMCX1/88,89, PALACE ROAD, 12, ATTINGAL, ATTINGAL P.O |
| 32010535721 | JAYA ANILKUMAR | MANIJA FINANCE | MANIJA FINANCE, X111/463,, MARKET ROAD, ATTINGAL, 1, MARKET ROAD, ATTINGAL |
| 32010571091 | MIDHUN DAS | MIDHUN FINANCE | VASUS BUILDING AMCXII/593 , AMCXII/593 , ATTINGAL MARKET ROAD, 4, ATTINGAL, ATTINGAL |
| 32010530578 | ANIL KUMAR | PATTATHIL FINANCE | PATTATHIL FINANCE, II/426, M.G ROAD, NIL, ATTINGAL, ATTINGAL |
| 32010556094 | SHERLY | R.S.M FINANCE | R.S.M FINANCE, 529, MUNICIPALITY, VIII, KEEZHATTINGAL, AVANAVANCHERY |

| | | | |
|---|---|---|---|
| 32010537328 | SURENDRAN | SURENDRA FINANCE | ABHILASHNIVAS, 6/144, THINAVILA, 6,THINAVILA, KEEZHATTINGAL |
| 32010535866 | VIJAYAN | V.S.FINANCE | V.S.BHAVAN, AMC IX/417, KUNNUVARAM JUNCTION,IX, KUNNUVARAM, ATTINGAL |
| 32010569515 | SREEKUMAR | V.S.FINANCIERS | V.SFINANCIERS, 501,502,MUNICIPALITY, XXV, BTS ROAD, ATTINGAL |
| 32010582936 | VIVEKANANDAN | VRINDAVAN FINANCIERS | VRINDAVAN FINANCIERS, 492, MUNICIPALITY, AMC XII, KACHERI JUNCTION, ATTINGAL |

*മേൽ വിവരം കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.14-ന് തൊഴിൽ നികുതി ഒടുക്കാത്ത ലൈസൻസ്ഡ് മണി ലെൻഡേഴ്സിന് നോട്ടീസ് നൽകി തൊഴിൽ നികുതി പിരിച്ചെടുക്കുന്നതാണെന്ന് അറിയിച്ചു. തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.*

## 2-6 അനധികൃത കെട്ടിടനിർമ്മാണം-രജിസ്റ്റർ പരിപാലിക്കുന്നതിൽ അപാകത

*നഗരസഭാ പരിധിക്കുള്ളിലുള്ള അനധികൃത നിർമ്മാണങ്ങളെ സംബന്ധിച്ച് ആധികാരികമായി രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. അനധികൃത നിർമ്മാണങ്ങളെ സംബന്ധിച്ച് പൊതുജനങ്ങൾ നൽകുന്ന പരാതികൾ രേഖപ്പെടുത്തുന്നതിന് ഉപയോഗിക്കുന്ന രജിസ്റ്റർ മാത്രമാണ് നിലവിലുള്ളത്. അനധികൃത നിർമ്മാണത്തിന്റെ വിശദാംശങ്ങൾ, ഏത് നിയമമാണ് ലംഘിച്ചിരിക്കുന്നത്, നിർമ്മാണം നിയമാനുസൃതമാക്കാത്തവയിൽ നിന്നും ഈടാക്കിയിട്ടുള്ള നികുതി എന്നിവ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് 19.05.2014-ലെ 29342/ആർ.എ.1/2014/ തസ്വഭവ നമ്പർ സർക്കുലർ പ്രകാരം സർക്കാർ വ്യക്തമായ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളതാണ്. രജിസ്റ്ററിൽ ഉൾപ്പെടുത്തേണ്ട കാര്യങ്ങളെ കുറിച്ചുള്ള വിവരങ്ങൾ മേൽ സർക്കുലറിന്റെ അനുബന്ധം 1 ൽ ചേർത്തിട്ടുണ്ട്.*

*അനധികൃത നിർമ്മാണം സംബന്ധിച്ച കൃത്യമായ രേഖകൾ സൂക്ഷിക്കാതിരിക്കുന്നത് അനധികൃത നിർമ്മാണങ്ങൾക്കെതിരെ യഥാസമയം നടപടി സ്വീകരിക്കാതെയും, ക്രമവൽക്കരിക്കാതെയും അവ കാലക്രമത്തിൽ നിയമാനുസൃത നിർമ്മാണങ്ങളാകുന്നതിന് കളം ഒരുക്കുന്നു. സർക്കുലറിലെ നിർദ്ദേശങ്ങൾ കർശനമായി പാലിച്ച് അനധികൃത നിർമ്മാണങ്ങൾക്ക് എതിരെ നടപടി ത്വരിതപ്പെടുത്തേണ്ടതാണ്.*

## 2-7 ഡി & ഒ ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല

2016-17 ഡി & ഒ രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല.

| ക്രമ നം. | വാർഡ്, ബിൽഡിംഗ് നം. | ഉടമസ്ഥന്റെ പേര്, വിലാസം | സ്ഥാപനത്തിന്റെ പേര് | ഈടാക്കേണ്ട ഫീസ് |
|---|---|---|---|---|
| 1 | III/673 | സജി.എ, വയലിൽ വീട്, കടയ്ക്കാവൂർ | കേരള ഫാംസേ ചിക്കൻ | 2000 |
| 2 | III/782 | സുന്ദരം.എസ്, കാർത്തിക ഭവൻ, ചിറയിൻകീഴ് | സൺ കൺട്രോൾ ഫിലിം വർക്കിംഗ് & നമ്പർ പ്ലേറ്റിംഗ് | 1000 |
| 3 | III/799 | ജയചന്ദ്രൻ നായർ.സി സിന്ധു ഭവൻ, രാമച്ചംവിള | ട്യൂ & ത്രീ വീലർ വർക്ക് ഷോപ്പ് | 250 |
| 4 | III/849 | മനോജ് കുമാർ.എസ് അംബിക ഭവൻ, കൊട്ടുമൺ | ട്യൂ & ത്രീ വീലർ വർക്ക് ഷോപ്പ് | 500 |
| 5 | IV/10 | ചന്ദ്രിക.കെ, കെ.എസ് നിവാസ്, രാമച്ചംവിള | ശാർക്കരേശ്വരി ഓയിൽ മിൽ | 245 |
| 6 | IV/118 | ദിവാകരൻ.എൻ കുന്നുംപുറത്ത് വീട്, കൊട്ടുമൺ | മഹാദേവ സ്റ്റേഷനറി | 500 |
| 7 | V/626,627 | ഹരികുമാർ, ഗംഗസദനം, കൊട്ടുമൺ | ഗംഗ എഞ്ചിനീയറിംഗ് & വെൽഡിംഗ് വർക്ക്സ് | 500 |
| 8 | VI/126 | രാധാകൃഷ്ണൻ.കെ രേവതി, രാമച്ചംവിള | ഡിനോലക്സ് ഇന്ത്യ | 1000 |
| 9 | VI/341 | ഗോപിനാഥൻ പിള്ള.വി വടക്കെവീട്, കൊട്ടുമൺ | ചായക്കട | 135 |
| 10 | VI/438 | ശാന്തകുമാരി, വാഴവിളവീട്, ആറ്റിങ്ങൽ | സ്റ്റേഷനറി | 500 |
| 11 | VII/492 | സുമേഷ് ബാബു കിഴക്കേകുന്നവിളവീട്, കരവാരം പി.ഒ | മയൂഖം അലൂമിനിയം ഫാബ്രിക്കേഷൻസ് | 750 |
| 12 | VII/556 | സജിത അനിൽകുമാർ ശിവതീർത്ഥം, കൊട്ടുമൺ | ശിവതീർത്ഥം സ്റ്റിച്ചിംഗ് സെന്റർ | 750 |

| | | | | |
|---|---|---|---|---|
| 13 | VII/576 | എസ്.രാജൻ<br>എം.ആർ.ഭവൻ, ആറ്റിങ്ങൽ | പി.എൻ.അക്വേറിയം & പെറ്റ്സ് | 1000 |
| 14 | VII/653 | മനോജ് കുമാർ. എസ്. എസ്, വിളയിൽവീട്, മുടപുരം, ചിറയിൻകീഴ് | എ.ജി.ഫർണിച്ചർ | 1000 |
| 15 | VIII/10 | ഗിരീഷ് കുമാർ.കെ.ജി<br>ഗോകുലം, കൊട്ടമൺ | ശ്രീകൃഷ്ണ ഏജൻസി | 300 |
| 16 | XXIV/201(1) | അനിൽകുമാർ.വി<br>അനിൽമന്ദിരം, കൊല്ലമ്പുഴ | കോയിക്കൽ സർവ്വീസ് സ്റ്റേഷൻ | 1500 |
| 17 | I/264 | ബി.സുദർശനൻ<br>ലക്ഷ്മി നിവാസ്, വാമനപുരം | ലക്ഷ്മി ടയർ വർക്ക്സ് | 500 |
| 18 | XVIII/834 | വിമൽകുമാർ, പി.ജി.ഭവൻ, ഇളമ്പ | ബ്രദേഴ്സ് എഞ്ചിനീയറിംഗ് വർക്ക്സ് | 1200 |
| 19 | XI/286 | രാമകൃഷ്ണൻ.എൻ<br>തിരുവാതിര, നിലക്കാമുക്ക് | അമ്മു ജൂവലറി | 250 |
| 20 | XI/676 | ഗൻജൻ ബാലൻ.എസ്.ജി<br>വിമല വിലാസം, പറയത്ത്കോണം | സായ് ആർട്ട്സ് | 500 |
| 21 | XI/1239 | പി.ജി.സുരേഷ് കുമാർ<br>ശാന്തിഭവൻ, മാർക്കറ്റ് റോഡ് | അശ്വനി സിൽക്സ് & ഫാഷൻസ് | 1000 |
| 22 | XVI/597, 598 | അഷറഫ്, ഷാജു നിവാസ്<br>മേലാറ്റിങ്ങൽ | ഗ്ലാസ് വേൾഡ് | 600 |
| 23 | XVI/721 | എൻ.എസ്.രഞ്ജിത്ത്, രഞ്ജിത്ത് നിവാസ്, വട്ടവിള | ബോഡി ബിൽഡിംഗ് | 1500 |
| 24 | XVII/596 | കലാറാണി.ജെ.ആർ<br>ആനന്ദഭവൻ | അംബിക സ്റ്റോർ | 350 |
| 25 | XVII/742 | എൻ.ഇന്ദിര<br>ശ്രീ, മാമം, കിഴുവിലം പി.ഒ | സ്നാക്സ് & സോഫ്റ്റ്<br>റിംഗ്സ് | 175 |
| 26 | XVII/976 | മീര.ബി.നായർ<br>ശ്രീദേവി മന്ദിരം, മാർക്കറ്റ് വാർഡ്, മടവൂർ | ഗൗതമി അസോസിയേറ്റ്സ് | 1000 |
| 27 | XVII/1074 | ലാൽ കുമാർ<br>സിയോൺ ഡെയിൽ, തച്ചൂർകുന്ന്, അവനവൻഞ്ചേരി | സിയോൺ<br>ബിൽഡേഴ്സ് | 2000 |
| 28 | XVII/529(1) | റഫീക്ക്.കെ | തേജസ് ഫർണിച്ചർ | 2000 |

| | | | | |
|---|---|---|---|---|
| | | തേജസ്, ചാത്തൻപാറ, തോട്ടക്കാട് | | |
| 29 | XXII/749 | രാജേഷ്.റ്റി<br>സിന്ദൂരം, ശീവേലിക്കോണം | സിന്ദൂരം വെൽഡിംഗ് | 400 |
| 30 | XVI/413(2), 413(3) | ഷിബു.എസ്<br>ഷിബു മൻസിൽ, ആലംകോട് | സ്റ്റാർക്ക് ബുക്ക് | 1000 |
| 31 | XVI/296(1) | എ.എൽ.താഹിർ<br>വലിയവിളാകത്ത് വീട്, മംഗലപുരം | ബ്രോസ് ടൂർസ് & ട്രാവൽസ് | 2000 |
| 32 | XI/1574 | സുസ്മിത.വി.എം<br>സ്മിത ഭവൻ,<br>അവനവൻഞ്ചേരി | ഇൻഫൈനൈറ്റ് എൻട്രൻസ് കോച്ചിംഗ് സെന്റർ | 250 |
| 33 | XI/1699 | താഹ.എ.ആർ<br>താഹ മൻസിൽ, കവലയൂർ | ലൈഫ് മേറ്റ് സർജിക്കൽസ് | 2000 |
| 34 | XI/1712 | ഉദയകുമാർ.വി<br>റീജ ഭവൻ, കുഴിയിൽ മുക്ക് | റീജ സ്റ്റോർസ് | 300 |
| 35 | XI/1713 | ബിന്ദു.എസ്<br>റീജ ഭവൻ, കുഴിയിൽ മുക്ക് | ആർ.എ വെജിറ്റബിൾസ് | 300 |
| 36 | XI/1728 | ഷിബിൻ.എ.എസ്<br>ഷിബിന മൻസിൽ, വെട്ടിയറ, നാവായിക്കുളം | ക്യാൻഡിൽ<br>ലൈറ്റ് ഇന്ത്യ | 1000 |
| 37 | XXVI/1269(1) | രാജേന്ദ്രൻ.ജി<br>ഉഷസ്, വാളകാട്, ഇളമ്പ | ദേവിക കമ്മ്യൂണിക്കേഷൻസ് | 1000 |
| 38 | XI/ബങ്ക് 6 | എ.എസ്.പ്രകാശ്<br>കടമ്പാട്ട് വീട്, കടുവയിൽ | സിറ്റി ഫോട്ടോസ്റ്റാറ്റ് | 300 |
| 39 | XXVI/1384(1) | അരുൺകുമാർ.എസ്<br>ഇ.വി.വിലാസ്, മൂന്ന്മുക്ക്, കിഴവിലം | ന്യൂ സെനാന ഫൂട്ട് വെയർ | 1500 |
| 40 | XI/1326 | ഉദയകുമാർ, റീജഭവൻ | ബീഫ് സ്റ്റാൾ | 100 |
| 41 | XII/182 | അനിൽകുമാർ.എ.എസ്<br>സ്വാഗത് | എസ്.എൻ ടീ സ്റ്റാൾ | 750 |
| 42 | XII/434, 436 | എസ്. അനിൽകുമാർ<br>ശ്രീ.എസ്.നിവാസ്, കുന്നവാരം | ഹോട്ടൽ | 550 |
| 43 | XII/435 | വിനു.എസ്<br>വിളയിൽ വീട്, കരിച്ചിയിൽ | വിശാഖം ഫ്ലവർ മാർട്ട് | 150 |

| | | | | |
|---|---|---|---|---|
| 44 | XII/437 | നിസാമുദ്ദീൻ, നസീറ മൻസിൽ, കൊച്ചുകരിക്കകം | ഗോൾഡ്, സിൽവർ ജ്വവലറി | 250 |
| 45 | XII/442 | എം.നളകുമാർ<br>ധർഭവിളവീട്, മുണ്ടയിൽ | മെഡിക്കൽ ഷോപ്പ് | 250 |
| 46 | XII/704 | എം.ബഷീർ<br>ദാർ ഉൽ മുസ്തഫ, കൊട്ടിയോട് | സൈമ പൗൾട്രിഫാം | 500 |
| 47 | XII/791 | വിഷ്ണു.എം, റാന്നി പുത്തൻ വീട്, റാന്നിൽ ലൈൻ, പേരൂർക്കട | ഫൂട്ട് വെയർ | 2000 |
| 48 | XII/811 | ഹഫീസ് അസാദ്<br>ഇരവിള വീട്, കുടവൂർ, നാവായികുളം | കാർ വർക്ക്ഷോപ്പ് | 250 |
| 49 | XIV/165 | സാബു.എ<br>അനസ് മൻസിൽ, വക്കം | ഹാർഡ് വെയർ പെയിന്റ് | 2000 |
| 50 | XIV/108 | ശിവ പ്രസാദ്.ജി<br>തുണ്ടുവിള വീട്, ടി.ബി.ജംഗ്ഷൻ | പെറ്റി ഷോപ്പ് | 200 |
| 51 | XIV/287 | ഷാൻ.എച്ച്<br>ഷാൻ മൻസിൽ, ആലംകോട് | കാർ അക്സസറീസ് | 1000 |
| 52 | XV/45 | നിസാർ അഹമദ്<br>നസീബ് കോട്ടേജ്, പുലമൺകോണം | ഐ ഫോൺ സിറ്റി | 1500 |
| 53 | XV/241 | നാസർ.എച്ച്<br>ബർക്കാത്ത് മൻസിൽ, ആലംകോട് | ആലംകോട് തട്ടുകട | 1000 |
| 54 | XV/809 | എ.എം.ഹാരിസ്<br>ബിസ്മില്ല, ഹാരിസൺസ് പ്ലാസ, ആലംകോട് | ഹാരിസൺസ് സോഫ്റ്റ് വെയർ പ്രൈവറ്റ്<br>ലിമിറ്റഡ് | 500 |

ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 19 ന് മേൽ സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകി ഫീസ് ഈടാക്കാനുള്ള നടപടി സ്വീകരിച്ച് വരുന്നതായി അറിയിച്ചു. ഫീസ് ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-8 പ്രവൃത്തിയുടെ കരാർ ചമയ്ക്കുന്നതിൽ കാലതാമസം - പിഴ ഈടാക്കിയില്ല-

(എ) കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ പാർട്ട് II സെക്ഷൻ 2009.6 പ്രകാരം സെലക്ഷൻ നോട്ടീസ് കൈപ്പറ്റിയ തീയതി മുതൽ 14 ദിവസത്തിനകം കോൺട്രാക്ടർ/കൺവീനറുമായി തദ്ദേശ ഭരണ സ്ഥാപനം കരാർ ചമയ്ക്കണം. 14 ദിവസം കഴിഞ്ഞ് 10 ദിവസത്തിനകം കരാറുടമ്പടി വച്ചിട്ടില്ലെങ്കിൽ PAC യുടെ 1% പിഴ ഈടാക്കി കരാറുടമ്പടി വയ്ക്കേണ്ടതാണ്. അല്ലാത്ത പക്ഷം കരാർ റദ്ദാക്കി EMD കണ്ട് കെട്ടി ടെണ്ടർ നിബന്ധനകളിലെ വ്യവസ്ഥകൾ പ്രകാരമുള്ള മറ്റു നടപടികൾ സ്വീകരിക്കേണ്ടതും തൊട്ടടുത്ത കരാറുകാരനോട് ഇതേ rate-ലും, നിബന്ധനയിലും കരാർ ഏറ്റെടുക്കാൻ നെഗോഷ്യേറ്റ് ചെയ്യേണ്ടതും അല്ലെങ്കിൽ റീ-ടെണ്ടർ ചെയ്യേണ്ടതുമാണ്.

എന്നാൽ ആറ്റിങ്ങൽ നഗരസഭയിൽ ചുവടെ ചേർത്തിരിക്കുന്ന പ്രവൃത്തികളിൽ മേൽപ്പറഞ്ഞ വ്യവസ്ഥകൾ പാലിക്കുകയോ ആയതിന് പിഴ ഈടാക്കുകയോ ചെയ്തിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര്/ പ്രോജക്റ്റ് നം. | കോൺട്രാക്ടറുടെ പേര്/ കരാർ തുക | സെലക്ഷൻ നോട്ടീസ് നൽകിയ തീയതി. | പിഴ കൂടാതെ ഉടമ്പടി വയ്ക്കാവുന്ന തീയതി | 1% പിഴയോടു കൂടി ഉടമ്പടി വയ്ക്കാവുന്ന തീയതി | കരാർ ഉടമ്പടി വച്ച തീയതി എഗ്രിമെന്റ് | ഈടാക്കേണ്ട പിഴ |
|---|---|---|---|---|---|---|---|
| 1 | SO126/17 മത്തിയോട് ഇന്റർ ലോക്കിംഗ് | B.രാജേന്ദ്രൻ പിള്ള (708803.4) | 13.12.16 | 27.12.16 | 06.01.17 | 16.01.17 Ag.No.73/ AEE/AMC /LSGD/16-17 dt.16.1.17 | 7088 |
| 2 | SO174/17 തച്ചൂർകുന്ന് കലിങ്ക് ചരുവിള റോഡ് പുനരുദ്ധാരണം | B.രാജേന്ദ്രൻ പിള്ള (294843) | 13.12.16 | 27.12.16 | 03.01.17 | 16.01.17 Ag.No.71/ AEE/AMC/ LSGD/16-17 dt.16.1.17 | 2948 |
| 3 | SO204/17 ചിറയിൽ റോഡ് സെക്കന്റ് മെറ്റലിംഗ് & റീ ടാറിംഗ് | B.രാജേന്ദ്രൻ പിള്ള (2348690) | 28.01.17 | 11.02.17 | 21.02.17 | 28.02.17 Agml.No. 133/AEE/ AMC/LSGD/16-17 dt.28.02.17 | 3487 |
| 4 | SO178/17 മുള്ളിക്കടവ് റോഡ് പുനരുദ്ധാരണം | രാധാകൃഷ്ണ കുറുപ്പ് (490171) | 13.12.16 | 27.12.16 | 10.01.17 | 08.03.17 Ag.No.135/AEE/AMC/ LSGD/16-17 dt.08.03.17 | 4902 |
| 5 | SO177/17 ആറാട്ട്കടവ് റോഡ് പുനരുദ്ധാരണം | രാധാകൃഷ്ണ കുറുപ്പ് (357680) | 13.12.16 | 27.12.16 | 10.01.17 | 08.03.17 Ag.No.134/AEE/AMC/ LSGD/16-17 dt.08.03.17 | 3577 |
| 6 | SO168/17 തച്ചൂർകുന്ന് കൈരളി ബൈ റോഡ് പുനരുദ്ധാരണം | രാജേന്ദ്രൻ കുട്ടിൽ (286394) | 13.12.16 | 27.12.16 | 03.01.17 | 30.01.17 Ag.No.101/AEE/AMC/ LSGD/16-17 dt.30.01.17 | 2864 |
| 7 | SO160/17 ഗ്യാസ് ഗോഡൗൺ റോഡിൽ ഇന്റർ ലോക്കിംഗും സൈഡ് ബേം കോൺക്രീറ്റിംഗും | രാജേന്ദ്രൻ പിള്ള (508170.74) | 10.01.17 | 24.01.17 | 31.01.17 | 03.02.17 Ag.No.108/AEE/AMC/ LSGD/16-17 dt.03.02.17 | 5082 |
| ആകെ | | | | | | | 29948 |

കരാർ വ്യവസ്ഥ പാലിക്കാത്തതിനാൽ 29948/- രൂപയുടെ വരവ് നഷ്ടം സംഭവിച്ചിട്ടുണ്ട്. 29948/-രൂപ കരാറുകാരനിൽ നിന്നും ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

*(ബി) സ്റ്റീൽ ഓവർ പ്രവൃത്തികൾ*

| ക്രമ നം. | പ്രോജക്ട് നം. | കരാർ തുക | കോൺട്രാക്ടർ | പിഴകൂടാതെ കരാർ വയ്ക്കേണ്ട തീയതി | കരാർ വച്ച തീയതി | പിഴയായി ഈടാക്കേണ്ടതുക |
|---|---|---|---|---|---|---|
| 1 | 2/17 | 589500 | രാജേന്ദ്രൻ പിള്ള | 18.06.16 | 08.07.16 | 5895 |
| 2 | 26/17 | 100000 | സജീഷ് കുമാർ | 18.06.16 | 25.06.16 | 10000 |
| 3 | 9/17 | 490000 | എസ്.നവാസ് | 18.06.16 | 25.06.16 | 4900 |
| 4 | 17/17 | 400000 | ഷാജി.വി | 18.06.16 | 08.07.17 | 4000 |
| 5 | 32/17 | 380000 | സജീഷ് കുമാർ | 18.06.16 | 23.06.16 | 3800 |
| 6 | 27/17 | 500000 | സജീഷ് കുമാർ | 18.06.16 | 25.06.16 | 5000 |
| 7 | 28/17 | 100000 | സുനിൽ കുമാർ | 18.06.16 | 23.06.16 | 1000 |
| ആകെ | | | | | | 34595 |

ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 39 തീയതി. 27.09.17) തുക ഈടാക്കി അറിയിക്കുന്നതാണെന്ന് മറുപടി ലഭിച്ചു. ഖണ്ഡിക 28(എ) (ബി) എന്നിവ പ്രകാരം യഥാക്രമം 29948/-, 34595/-രൂപ വീതം എന്നിവ പ്രകാരം മൊത്തം 64543/-രൂപ ഈടാക്കേണ്ടതാണ്.

## **2-9** കരാർ സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തിയാക്കിയില്ല – പിഴ ഈടാക്കിയില്ല – നഷ്ടം **2231/-** രൂപ

പ്രോജക്ട് നമ്പർ : 7/17

പ്രോജക്ടിന്റെ പേര് : നഗരസഭയിലെ വിവിധ സ്കൂളുകളിലെ ക്ലാസ്റൂം ഫർണിച്ചറുകളുടെ അറ്റകുറ്റപ്പണി

അടങ്കൽ തുക : 250000/-

ചെലവ് തുക : 200140/-

കരാർ തുക : 225002/-

ഫണ്ട് : മെയിന്റനൻസ് ഫണ്ട് (റോഡിതരം)

എം ബുക്ക് നം : 130/15-16

ബിൽ നം : 28/16-17 (PW1-8660/17 തീയതി 16.02.17)

കോൺട്രാക്ടർ : ഷാജി.വി , മായാവിഹാർ, വലിയകുന്ന്

ടെണ്ടർ കിഴിവ് : 9.9991%

ഈ പ്രവൃത്തിയുമായി ബന്ധപ്പെട്ട് തയ്യാറാക്കിയ ഉടമ്പടി പ്രകാരം സ്ഥലം കൈപ്പറ്റി 3 മാസത്തിനകം പ്രവൃത്തി പൂർത്തിയാക്കേണ്ടിയിരിക്കുന്നു. അതിൻ പ്രകാരം 6.02.16 ന് സൈറ്റ് കൈമാറിയ പ്രവൃത്തി 05.05.16 ന് പൂർത്തിയാക്കേണ്ടിയിരുന്നു. എന്നാൽ ഈ പ്രവൃത്തി 05.01.17 ന് മാത്രമാണ് പൂർത്തിയാക്കിയത്. പ്രവൃത്തി പൂർത്തിയാക്കുന്നതിന് തടസ്സമായ പ്രതികൂല സാഹചര്യങ്ങൾ സംബന്ധിച്ച രേഖകൾ ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല. കരാർ ഉടമ്പടിയുടെ ഖണ്ഡിക 7 പ്രകാരം മുൻകൂട്ടി കാണാൻ കഴിയാത്ത കാരണങ്ങളാൽ നിശ്ചയിച്ച സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തിയാക്കാൻ സാധിച്ചില്ലെങ്കിൽ നിശ്ചിത കാലാവധിയുടെ 20% സമയം കൂടി പിഴയില്ലാതെ അനുവദിക്കുന്നു. അതിൽ കൂടുതൽ വരുന്ന മൂന്ന് മാസം വരെ സമയം കരാർ തുകയുടെ ഒരു ശതമാനം പിഴ ചുമത്തിക്കൊണ്ടും പിന്നീട് വേണ്ടി വരുന്ന ഓരോ മൂന്ന് മാസത്തിനും കരാർ തുകയുടെ 2% വീതം പിഴ ചുമത്തിക്കൊണ്ട് മാത്രമേ കാലാവധി നീട്ടികൊടുക്കുകയുള്ളൂ എന്നും വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ താഴെപ്പറയും വിധം പിഴ ഈടാക്കേണ്ടിയിരുന്നു.

സൈറ്റ് കൈമാറിയ തീയതി : 06.02.16

പ്രവൃത്തി പൂർത്തിയാക്കേണ്ട തീയതി : 23.05.16 (20% അധികസമയം ഉൾപ്പെടെ )

പൂർത്തീകരിച്ച തീയതി : 05.01.17

<u>ഈടാക്കേണ്ടിയിരുന്ന പിഴ</u>

i) ആദ്യത്തെ 3 മാസം (22.08.16 വരെ) : $\frac{225002 \times 3}{1200} = 563$

ii) 23.08.16 മുതൽ 22.11.16 വരെ : $\frac{225002 \times 6}{1200} = 1126$

iii) 23.11.16 മുതൽ 05.01.17 വരെ (44 ദിവസം) : $\frac{225002 \times 2 \times 44}{100 \times 365} = 542$

ആകെ : 2231/-

ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 40 തീയതി 27.09.17) തുക കോൺട്രാക്ടറിൽ നിന്നും ഈടാക്കി ഒടുക്കുവരുത്തുന്നതാണെന്നറിയിച്ചിട്ടുണ്ട്. തുക ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-10 വസ്തുനികുതി പരിഷ്കരണം പൂർത്തിയായിട്ടില്ല

*വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് സഞ്ചയ സോഫ്റ്റ് വെയറിൽ വിവരങ്ങൾ രേഖപ്പെടുത്തിയതിന്റെ നിലവിലെ സ്ഥിതി ചുവടെ ചേർക്കുന്നു.*

| | |
|---|---|
| ആകെ വാർഡുകൾ | 31 |
| ആകെ കെട്ടിടങ്ങൾ | 22151 |

| | |
|---|---|
| അടിസ്ഥാന വിവരങ്ങൾ രേഖപ്പെടുത്തിയത് | 21523 |
| ഫോം 6 രേഖപ്പെടുത്തിയത് | 21117 |
| ഫോം 6 അംഗീകരിച്ചത് | 11058 |

| | |
|---|---|
| ആകെ മൊബൈൽ ടവറുകൾ | 22 |
| അടിസ്ഥാന വിവരങ്ങൾ രേഖപ്പെടുത്തിയത് | 15 |
| ഫോം 6 രേഖപ്പെടുത്തിയത് | 5 |
| ഫോം 6 അംഗീകരിച്ചത് | 4 |

| | |
|---|---|
| ആകെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ | 99 |
| അടിസ്ഥാന വിവരങ്ങൾ രേഖപ്പെടുത്തിയത് | 99 |
| ഫോം 6 രേഖപ്പെടുത്തിയത് മുഴവൻ കെട്ടിടങ്ങൾക്കും തറവിസ്തീർ ണ്ണത്തിന്റെ അടിസ്ഥാനത്തിൽ നികുതി ഈടാക്കേണ്ടതാണ്. | 59 |
| ഫോം 6 അംഗീകരിച്ചത് | 41 |

സഞ്ചയയിൽ 2013-14 വർഷത്തിന് മുൻപുള്ള നികുതി കുടിശ്ശിക ജനറേറ്റ് ചെയ്തിട്ടില്ല. 185$m^2$ താഴെയും 185$m^2$ന് മുകളിലുമുള്ള ഘടനാപരമായി മാറ്റം വരുത്തിയിട്ടുള്ള പാർപ്പിടാവശ്യത്തിനുള്ള കെട്ടിടങ്ങളെ സഞ്ചയയിൽ അപ്രകാരം രേഖപ്പെടുത്തൽ വരുത്തിയിട്ടില്ല. കൂട്ടിച്ചേർക്കൽ വരുത്തിയ കെട്ടിടങ്ങൾക്ക് മാന്വൽ ആയിട്ടാണ് നികുതി നിർണ്ണയം ചെയ്തുവരുന്നത്. സഞ്ചയ ഡാറ്റാഎൻട്രി ആരംഭിച്ച് സാംഖ്യ സംയോജനം നടത്തുന്നതുവരെയുള്ള കാലയളവിലെ വിവിധ മാറ്റങ്ങൾ (ഓണർഷിപ്പ്, മാറ്റം, നികുതിമാറ്റം, ഒക്കുപെൻസി മാറ്റം) പൂർണ്ണമായും സാംഖ്യയിൽ വരുത്തിയിട്ടില്ല. വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട്, 01.04.2011 മുതൽ അഞ്ച് വർഷത്തേക്ക് പ്രാബല്യത്തിൽ വരുന്ന രീതിയിലാണ് നഗരസഭ വിജ്ഞാപനം പുറപ്പെടുവിച്ചത്. വിജ്ഞാപനത്തിൽ പറഞ്ഞിരിക്കുന്ന കാലാവധി കഴിഞ്ഞിട്ടുപോലും പരിഷ്കരിച്ച വസ്തുനികുതി ഈടാക്കുവാൻ നഗരസഭയ്ക്ക് കഴിഞ്ഞിട്ടില്ല. വസ്തുനികുതി പരിഷ്കരണ നടപടികൾ അടിയന്തിരമായി പൂർത്തീകരിച്ച് മുഴവൻ കെട്ടിടങ്ങൾക്കും തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ നികുതി ഈടാക്കേണ്ടതാണ്.

## **2-11** ഇ ടെണ്ടർ സംവിധാനത്തിൽ നിന്നും ലഭിക്കേണ്ട ടെണ്ടർ ഫാറം വില ജില്ലാ പഞ്ചായത്തിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

മുനിസിപ്പൽ എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2016-17 വർഷം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫോറ വിലയായി (ടെണ്ടർ ഫീസ്) ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ ഒടുക്കിയ തുക നാളിതുവരെ നഗരസഭയ്ക്ക് തിരികെ ലഭിച്ചിട്ടില്ല. 28/9/13-ലെ ജി.ഒ(എം.എസ്)318/ 2013/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി, ടെണ്ടർ ഫീസ് എന്നിവ ഓൺലൈൻ ആയി

ഒടുക്കുന്നതിന് എൽ.എസ്.ജി.ഡി ജില്ലാ എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനും നഗരസഭയിൽ നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് ഈ അക്കൗണ്ടിൽ ഒടുക്കാനും നിർദ്ദേശിച്ചിരുന്നു.ഈ വിഷയത്തിനു നൽകിയ ഓഡിറ്റ് അന്വേഷണം നം 2 ന് ടെണ്ടർ ഫോറം വില തിരികെ ഈടാക്കിയിട്ടില്ല എന്ന് മറുപടി ലഭിച്ചു. ഇ-ടെണ്ടർ പ്രകാരം ലഭിച്ച ടെണ്ടറുകളുടെ അടിസ്ഥാനത്തിൽ നഗരസഭയ്ക്ക് ലഭിക്കേണ്ട തുക ഈടാക്കുന്നതിനുള്ള സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 പ്രോജക്ട് രേഖകൾ ഹാജരാക്കിയില്ല ചെലവ് തടസ്സപ്പെടുത്തുന്നു

2016-17 സാമ്പത്തിക വർഷത്തിൽ സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ ചേർക്കുന്ന പ്രോജക്ടുകളുടെ ചെലവ് രേഖകൾ ഓഡിറ്റ് എൻക്വയറി 43 പ്രകാരം ആവശ്യപ്പെട്ടെങ്കിലും ഹാജരാക്കിയിട്ടില്ല.

| ക്രമ നം. | പ്രോജക്ട് നം. | പേര് | അടങ്കൽ | ചെലവ് | ബിൽ നം, തീയതി,തുക |
|---|---|---|---|---|---|
| 1 | 45/16-17 | പദ്ധതി രൂപീകരണ ചെലവ് | 300000 (വികസന ഫണ്ട്) | 299926 | 19/16-17,09.03.17, 150000/-<br>27/16-17,21.03.17, 80026/-<br>36/16-17,31.03.17, 69900/- |
| 2 | 74/16-17 | പദ്ധതി മോണിട്ടറിംഗ് | 100000 (വികസനഫണ്ട്) | 100000 | 35/15-16 g412643/16, 31.03.17, 100000/- |
| 3 | 70/16-17 (SO) | ൗൺഹാളി ലേക്ക് ഫർണിച്ചർ വാങ്ങൽ | 21417 (ധനകാര്യ കമ്മീ ഷൻ ഗ്രാന്റ്) | 21400 | 5/16-17,27.06.16, 9900/-<br>37/16-17,31.03.17, 11500/- |

74/16-17 പദ്ധതി മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി പ്രോജക്ട് ഫയലിനൊപ്പം സൂക്ഷിച്ചിട്ടില്ല. ചെലവ് രേഖകളുടെ അഭാവത്തിൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

### 3-2 ഗുണഭോക്തൃലിസ്റ്റ് തയ്യാറാക്കിയതിൽ അപാകം- പദ്ധതി സമയ ബന്ധിതമായി നടപ്പാകാനായില്ല.

പട്ടികജാതി വികസന ഓഫീസർ 2014-15 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയ ഭവന പുനരുദ്ധാരണം (വനിത) (50/16-17), കിണർ നിർമ്മാണം (വനിത) (247/16-17) എന്നീ പ്രോജക്ടുകൾ 16-17 ലും പൂർത്തിയാക്കാതെ 17-18 സാമ്പത്തിക വർഷത്തിൽ സ്പിൽ ഓവറായി അംഗീകരിച്ചിട്ടുണ്ട്. സ്പിൽ ഓവർ പ്രോജക്ട് സ്പിൽ ഓവറായ അതേ വർഷം തന്നെ നിർബന്ധമായും പൂർത്തിയാക്കേണ്ടതാണെന്ന് 12- ാം പഞ്ചവൽസര പദ്ധതി പുതുക്കിയ മാർഗ്ഗരേഖയിൽ നിഷ്കർഷിച്ചിട്ടുണ്ട് [ജി.ഒ(എം.എസ്) 4/2016/ തസ്വഭവ/11.01.16 ഖ.XII(ഇ)]. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം 20 ന് ഗുണഭോക്തൃ ലിസ്റ്റിലെ അപാകമാണ് പ്രോജക്ട് സമയബന്ധിതമായി നടപ്പാക്കാൻ കാലതാമസം വന്നതെന്ന് അറിയിച്ചു. നഗരസഭ അംഗീകരിച്ച് നൽകിയ ലിസ്റ്റിൽ ഉൾപ്പെട്ട ഗുണഭോക്താകൾ ആനുകൂല്യത്തിന് അർഹരല്ല എന്നും മുൻകാലങ്ങളിൽ ആനുകൂല്യങ്ങൾ നേടിയവരാണെന്നും ആയതിനാൽ പുതുക്കിയ ലിസ്റ്റ് നൽകണമെന്നും

എസ്.സി ഡെവലപ്പ്മെന്റ് ഓഫീസർ സെക്രട്ടറിക്ക് കത്ത് നൽകിയിട്ടുണ്ട് (G4/9042/15, 11.03.16). ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കേണ്ടതിന് വിശദമായ മാർഗ്ഗരേഖ സർക്കാർ പുറപ്പെടുവിച്ചു (ജി.ഒ(പി)/220 /97/തസ്വഭവ 2.10.97, 181/98, തസ്വഭവ, 2.09.1999). ഗുണഭോക്തൃ ലിസ്റ്റ് തിരഞ്ഞെടുപ്പിൽ പ്രസ്തുത മാർഗ്ഗരേഖ പാലിച്ചിട്ടില്ല . ഗുണഭോക്തൃ മാർഗ്ഗരേഖ പ്രകാരം വാർഡ് കമ്മിറ്റിവഴി തിരഞ്ഞെടുക്കുന്ന ആനുകൂല്യത്തിന് അർഹരായവരുടെ ലിസ്റ്റ് സി.ഡി.എസ് തലത്തിലും ഉദ്യോഗസ്ഥതലത്തിലും പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതും മുൻഗണന മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ലിസ്റ്റ് തയ്യാറാക്കി (പ്രോജക്ടിൽ ആവശ്യമായ എണ്ണത്തിന്റെ ഇരട്ടി) നഗരസഭ അംഗീകരിച്ച് നിർവഹണ ഉദ്യോഗസ്ഥന് നൽകുന്നതിന് പകരം മെയിൻ ലിസ്റ്റ്, സപ്ലിമെന്ററി ലിസ്റ്റ് 1, സപ്ലിമെന്ററി ലിസ്റ്റ് 2 എന്നിങ്ങനെയാണ് നൽകിയിട്ടുള്ളത്. ഇപ്രകാരം ലിസ്റ്റ് തയ്യാറാക്കി നൽകിയതിനാൽ സമയബന്ധിതായി മേൽ പ്രോജക്ടുകൾ പൂർത്തിയാക്കാനായിട്ടില്ല. മാർഗ്ഗരേഖ നിർദേശിക്കും പ്രകാരം കുറ്റമറ്റ രീതിയിലും സുതാര്യമായും ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കാൻ ഭരണ സമിതിയുടെ ശ്രദ്ധിക്കേണ്ടതാണ് .

## 3-3 പ്രോജക്ടിൽ വകയിരുത്തിയ തുകയിൽ അധികരിച്ച് ചെലവഴിക്കുന്നത് ക്രമവിരുദ്ധം

16-17 സാമ്പത്തിക വർഷത്തിൽ ചുവടെ ചേർക്കുന്ന പ്രോജക്ടുകൾക്ക് വകയിരുത്തിയതിനെക്കാൾ അധികരിച്ച് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശുപാർശയിൽ (30.11.16 ലെ 8-ാം നമ്പർ തീരുമാനം) ചെലവ് ചെയ്തിട്ടുണ്ട്.

| ക്രമ നം. | പ്രോജക്ട് നം, പേര് | വകയിരുത്തിയ ഫണ്ട് തുക | ചെലവഴിച്ചത് | അധികം ചെലവഴിച്ചത് (ഫണ്ട്) | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | 36/16-17 നഗരസഭ സമ്പൂർണ്ണ കമ്പ്യൂട്ടർ വൽകരണം | 400000 (ധ.ക.ഗ്ര) | 403812 | 3812 (തനത് ഫണ്ട്) | ചെക്ക് നം.290431, 7.01.17 |
| 2 | 72/16-17 നഗരസഭയ്ക്ക് ഫർണിച്ചർ വാങ്ങൽ | 150385 (വികസന ഫണ്ട്) | 155441 | 5056 (തനത് ഫണ്ട്) | തുക നൽകിയിട്ടില്ല |

പദ്ധതി മാർഗ്ഗരേഖ പ്രകാരം പ്രോജക്ടിൽ അധികരിച്ച് തുക ചെലവ് അനുവദനീയമല്ല. ഈ പ്രവണത നിരുത്സാഹപ്പെടുത്തേണ്ടതാണ്.

## 3-4 നഗരസഭ ഓഫീസിൽ എസി സൗകര്യം ഏർപ്പെടുത്തൽ നടപടി ക്രമങ്ങളിൽ വീഴ്ച – ചെലവ് തുക 69338/- തടസ്സപ്പെടുത്തുന്നു.

അടങ്കൽ തുക : 70000/-

ചെലവ് തുക : 69338/-

ഫണ്ടിനം : വികസന ഫണ്ട്

എം ബുക്ക് നം : DP46/16-17

ബിൽ നം : 36/16-17 (PW1-3441/16), 28.02.17

കോൺട്രാക്ടർ : സജീഷ് കുമാർ, സന്തോഷ് വില്ല, ആറ്റിങ്ങൽ

നിർവഹണോദ്യോഗസ്ഥൻ : നഗരസഭ എഞ്ചിനീയർ

ജില്ലാ പഞ്ചായത്തിലെ കൺസൾട്ടന്റ് എൻജിനീയറുടെ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ പദ്ധതി നടത്തിപ്പിനായി 4.03.16 ന് ടെണ്ടർ ക്ഷണിച്ചു. എന്നാൽ ടെണ്ടർ ആരും സമർപ്പിക്കാത്തതിനാൽ 28.07.16 ന് വീണ്ടും ഈ പ്രവൃത്തി റീടെണ്ടർ ചെയ്തു. അതിൻ പ്രകാരം കോൺട്രാക്ടർ സതീഷ് കുമാർ മാത്രം ടെണ്ടർ സമർപ്പിച്ചു. തുടർന്ന് 18.08.16 ന് കരാർ ഉടമ്പടി വയ്ക്കുകയും പ്രവൃത്തി 4.02.17 ന് പൂർത്തിയാക്കുകയും ചെയ്തു. ഈ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന അപാകങ്ങൾ ശ്രദ്ധയിൽപ്പെട്ടു.

1. ഈ പദ്ധതി പ്രകാരം സാംസങ്ങ് കമ്പനിയുടെ LSA6NP3A1.ANLG(11)എന്ന ഏസിയും 5KVA വോൾട്ടേജ് സ്റ്റെബിലൈസറുമാണ് വാങ്ങിയിരിക്കുന്നത്. മാർക്കറ്റ് വിലയേക്കാൾ ഉയർന്ന നിരക്കാണ് കോൺട്രാക്ടർ നൽകിയിരിക്കുന്നത്. അതിനാൽ വാങ്ങിയിരിക്കുന്ന ഈ ഇലക്ട്രോണിക്ക് സാധനങ്ങളുടെ ഡേറ്റ തയ്യാറാക്കിയിരിക്കുന്നത് ലഭ്യമാണെങ്കിൽ മാത്രമേ റേറ്റ് അംഗീകരിക്കാവുന്നതാണോയെന്ന് അറിയുന്നതിന് സാധിക്കുകയുള്ളൂ. ഈ ഡേറ്റ ലഭ്യമാക്കണമെന്ന് ഓഡിറ്റ് അന്വേഷണം നമ്പർ 28 തീയതി 26.09.17 പ്രകാരം ആവശ്യപ്പെട്ടെങ്കിലും രേഖകൾ ലഭ്യമാക്കിയില്ല.
2. ടെണ്ടർ സമർപ്പിക്കുന്ന കോൺട്രാക്ടർ ടെണ്ടറിനോടൊപ്പം 200/- രൂപ സ്റ്റാമ്പ് പേപ്പറിൽ പ്രാഥമിക ഉടമ്പടി സമർപ്പിക്കേണ്ടതുണ്ട്. എന്നാൽ 200/- രൂപ പത്രത്തിൽ ഉടമ്പടി സമർപ്പിച്ചിട്ടില്ല.
3. 18.08.16 ന്ചമച്ച പ്രവൃത്തി കരാർ ഉടമ്പടിക്കായി 30.04.13 (100/- രൂപ) 23.09.14 (100/- രൂപ) എന്നീ തീയതികളിൽ വാങ്ങിയ മുദ്രപത്രങ്ങളാണ് ഉപയോഗിച്ചിരിക്കുന്നത്. ഈ ഉടമ്പടി മുനിസിപ്പൽ ഓഫീസിൽ CCTV സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് ഈ കോൺട്രാക്ടർ സമർപ്പിച്ച ഉടമ്പടിയാണെന്ന് കാണുന്നു. ആയതിനാൽ ഈ പ്രവൃത്തിക്ക് കരാർ ചമച്ചിട്ടില്ല. ഈ ഇനത്തിൽ സർക്കാരിനു സാമ്പത്തിക നഷ്ടമുണ്ടായിട്ടുണ്ട്.
4. ടെണ്ടർ നടപടിക്രമങ്ങൾ പാലിക്കാത്തതിനാലും കരാർ ചമക്കാത്തതിനാലും പ്രവൃത്തിയുടെ പൂർത്തീകരണ സമയം വ്യക്തമല്ല.

മേൽ പ്രസ്താവിച്ച കാരണങ്ങളാൽ ചെലവ് തുക 69338/- തടസ്സത്തിൽ വയ്ക്കുന്നു. രേഖകൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-5 നഗരസഭ കോൺട്രാക്ടർ മുമ്പുപയോഗിച്ച മുദ്രപ്പത്രങ്ങൾ തിരുത്തൽ വരുത്തി വീണ്ടും കരാർ സമർപ്പിച്ചു - നടപടി സ്വീകരിച്ചില്ല

താഴെപ്പറയുന്ന മരാമത്ത് പ്രവൃത്തിയുമായി ബന്ധപ്പെട്ട് ശ്രീ.സജീഷ് കുമാർ, സന്തോഷ് വില്ല, എൽ.എം.എസ് ചർച്ചിന് സമീപം, ആറ്റിങ്ങൽ എന്ന കോൺട്രാക്ടർ പ്രാഥമിക ഉടമ്പടി തയ്യാറാക്കി സമർപ്പിച്ചിരിക്കുന്നത് മുൻപ് ഉപയോഗിച്ച മുദ്രപ്പത്രങ്ങളിൽ വെട്ടുതിരുത്തലുകൾ വരുത്തിയും ചില സന്ദർഭങ്ങളിൽ മുൻപ് ഉപയോഗിച്ച പ്രോജക്ടുകളുടെ ഉടമ്പടിയുടെ പേജുകൾ അതേപടി തന്നെയും ആണ്.

| ക്രമ നം | പ്രോജക്ട് നമ്പർ | സർക്കാർ ഖജനാവിനു നഷ്ടം |
|---|---|---|
| 1 | 19/17 | 200 |
| 2 | 28/17 | 200 |
| 3 | 26/17 | 200 |
| 4 | 25/17 | 200 |
| 5 | 32/17 | 200 |

ഇപ്രകാരം നഗരസഭയെ തെറ്റിദ്ധരിപ്പിക്കുകയും സർക്കാരിന് നഷ്ടം വരുത്തുകയും ചെയ്യുന്ന തരത്തിൽ ഉടമ്പടി തയ്യാറാക്കി സമർപ്പിച്ചിട്ടുപോലും ഈ കോൺട്രാക്ടർക്ക് നഗരസഭയിലെ പദ്ധതികൾ നിർവ്വഹണത്തിനായി ഏൽപ്പിച്ചിരിക്കുന്നു.

ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 41 തീയതി 27.09.17) മുൻപുപയോഗിച്ച മുദ്രപത്രത്തിലല്ല കരാർ തയ്യാറാക്കി സമർപ്പിച്ചിരിക്കുന്നത് എന്നറിയിച്ചു. എന്നാൽ ഇത് ഓഡിറ്റ് അംഗീകരിക്കുന്നില്ല. മുൻ വർഷ തീയതി, പ്രോജക്ടിന്റെ പേര് എന്നിവ പോലും തിരുത്തൽ വരുത്താതെയാണ് ഈ പ്രാഥമിക ഉടമ്പടികൾ സമർപ്പിച്ചിരിക്കുന്നത്.

ആയതിനാൽ നഗരസഭയെ തെറ്റിദ്ധരിപ്പിച്ച് കരാർ സമർപ്പിച്ചതിനും സർക്കാരിന് വരുമാന നഷ്ടമുണ്ടാക്കിയതിനും ഉത്തരവാദികളായ കോൺട്രാക്ടർ, ഉദ്യോഗസ്ഥൻ എന്നിവർക്കെതിരെ നടപടി സ്വീകരിക്കാവുന്നതാണ്.

## 3-6 മുൻസിപ്പൽ കണ്ടിജന്റ് എംപ്ലോയീസ് ഡെത്ത് കം റിട്ടയർമെന്റ് ബനഫിറ്റ് - മാസ വിഹിതം ഈടാക്കുന്നില്ല.

കേരള മുൻസിപ്പൽ കണ്ടിജന്റ് എംപ്ലോയീസ് (ഡെത്ത് കം റിട്ടയർമെന്റ് ബനഫിറ്റ്) റൂൾസ് 1997 പ്രകാരം നഗരസഭയിൽ ജോലി ചെയ്യുന്ന കണ്ടിജന്റ് ജീവനക്കാരുടെ ശമ്പളത്തിന്റെ 15% മാസ വിഹിതമായി ഈടാക്കി മുൻസിപ്പൽ കണ്ടിജന്റ് എംപ്ലോയീസ് ഫണ്ടിൽ നിക്ഷേപിക്കേണ്ടതാണ്. പ്രസ്തുത വിഹിതം ഈടാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.44/28.09.17-ന് നാളിതുവരെ മേൽ വിഹിതം ഈടാക്കിയിട്ടില്ലായെന്നും ഈടാക്കുവാൻ നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചു. 10/2017 മുതൽ തന്നെ പ്രസ്തുത വിഹിതം ഈടാക്കി ഫണ്ടിൽ നിക്ഷേപിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 3-7 അഡ്വാൻസുകൾ അഡ്ജസ്റ്റ് ചെയ്തിട്ടില്ല

ജി.ഒ(പി)419/2011.ധനം.4/10/2011 അനുസരിച്ച് വർക്ക് അഡ്വാൻസുകൾ, താൽക്കാലിക അഡ്വാൻസുകൾ (KFC അനുച്ഛേദം 99 പ്രകാരമുള്ളത്) കൈപ്പറ്റി മൂന്ന് മാസത്തിനകം ഫൈനൽ ബിൽ സമർപ്പിക്കണം. നിശ്ചിത സമയപരിധിയിൽ അഡ്ജസ്റ്റ്മെന്റ് ബിൽ സമർപ്പിച്ചിട്ടില്ലെങ്കിൽ മുഴുവൻ അഡ്വാൻസ് തുകയും തിരിച്ച് പിടിക്കണം. കൂടാതെ തുക പിൻവലിച്ച ദിവസം മുതൽ തിരിച്ച് പിടിക്കുന്ന ദിവസം വരെ 18% നിരക്കിൽ പലിശ ഈടാക്കണം. നഗരസഭയിൽ 2016-17 സാമ്പത്തിക വർഷം അഡ്ജസ്റ്റ് ചെയ്ത അഡ്വാൻസുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | തീയതി | വൗച്ചർ നം. | അഡ്വാൻസ് സ്വീകരി ച്ചതിന്റെ വിവരം | ഉദ്ദേശ്യം | തുക |
|---|---|---|---|---|---|
| 1 | 01.04.16 | Vr 15<br>4/16 | Pw3–6347/ 16<br>ജാഫർ സാദിക്ക് pwII | ക്യാന്റീൻ നിർമ്മാണവുമായി ബന്ധപ്പെട്ട് ജന റേറ്റർ മാറ്റി സ്ഥാപിക്കുന്നതിന് | 23900 |
| 2 | 27.05.16 | Vr 20<br>5/16 | PH– 11473/15<br>അമ്പിളി.ജെ,<br>സാനിട്ടറി വർക്കർ | പെൺമക്കളുടെ വിവാഹ ധനസഹായം | 25000 |

| | | | | | |
|---|---|---|---|---|---|
| 3 | 13.06.16 | 59<br>6/16 | Pw3–4036/08<br>വിനോദ്, ഡ്രൈവർ | KL16D 4963 നാസർ Bolero jeep | 14300 |
| 4 | 20.07.16 | 76<br>7/16 | Pw1 –9604/ 09<br>ശിവപ്രസാദ് pwo III | UID SSMT processing plant machinery electrification | 20000 |
| 5 | 28.07.16 | 105<br>7/16 | Pw2–4228/ 16<br>ജാഫർ സാദിക്ക് pwoII | 11- ാം വാർഡിൽ അനധികൃത നിർമ്മാണം പൊളിച്ചുമാറ്റുന്നതിന് | 6500 |
| 6 | 3.08.16 | 34<br>8/16 | Pw2–12814/14<br>ജാഫർ സാദിക്ക് pwoII | നഗരസഭയിലെ 29/165(1) ാം നമ്പർ അനധികൃത നിർമ്മാണം പൊളിച്ചു മാറ്റുന്നതിന് | 3000 |
| 7 | 8.09.16 | 86<br>9/16 | Pw1–A2-4379/16<br>ശിവപ്രസാദ് pwo III | ജസ്റ്റിസ് രാജേന്ദ്രബാബു കമ്മീഷൻ റിപ്പോർട്ട് പ്രകാരം പരാതിപ്പെട്ടി സ്ഥാപിക്കുന്നതിന് | 1000 |
| 8 | 19.09.16 | 130<br>9/16 | Pw2–3657/16<br>ജാഫർ സാദിക്ക് pwoII | ശ്രീ.അനിൽകുമാർ പാർവ്വതീനിലയം എന്നയാളുടെ അനധികൃത നിർമ്മാണം | 13000 |
| 9 | 27.09.16 | 145<br>9/16 | Pw1 – 9604 /09<br>ശിവപ്രസാദ് pwo | UID SSMT processing plant machine | 30000 |

| | | | | | |
|---|---|---|---|---|---|
| | | | III | വാങ്ങുന്നതിന് | |
| 10 | 27.09.16 | 147<br>9/16 | Pw3 – 12836/ 16<br>പ്രമീള pwo III | സോളാർ എനർജി മറ്റ് സെക്ഷനിലേക്ക് കണക്ഷൻ ലഭ്യമാക്കുന്നതിനായി | 15000 |
| 11 | 3.11.16 | 38<br>11/16 | PH – 11569/ 16<br>പ്രവീൺ JH, II | അപകടകരമായ മരം മുറിച്ചുമാറ്റുന്നതിന് | 3000 |
| 12 | 7.01.17 | 75<br>1/17 | PH – 4512/ 16<br>അജിത് UP HI, II | തെങ്ങ് മുറിച്ച് മാറ്റുന്നതിന് | 2500 |
| 13 | 17.01.17 | 114<br>1/17 | Pw3 – 5413/ 14<br>വിനോദ്, ഡ്രൈവർ | കാർ റിപ്പയർ ചെയ്യുന്നതിന് | 20000 |
| 14 | 17.01.17 | 115<br>1/17 | Pw3 – 5413/ 14<br>വിനോദ്, ഡ്രൈവർ | KL16 J 4444 ഫോർഡ് കാർ വാഹനം ഉപയോഗിച്ച് കൊണ്ട് പോകുന്നതിന് | 3000 |
| 15 | 31.01.17 | 161<br>1/17 | Pw3 – 3203 / 05<br>ശിവപ്രസാദ് pwo III | ഖരമാലിന്യ പ്ലാന്റിൽ വാട്ടർ കണക്ഷൻ എടുക്കുന്നതിന് | 30000 |
| 16 | 28.02.17 | 172<br>2/17 | Pw3 –19365/ 11<br>സുജ JH1 I | പ്രിന്റർ കാഡ്റിഡ്ജ് വാങ്ങുന്നതിന് | 1500 |
| ആകെ | | | | | 211700 |

അഡ്ജസ്റ്റ് ചെയ്യാത്ത തുകകൾ പലിശ സഹിതം തിരികെ ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-8 ചെലവ് തുകയ്ക്കുള്ള മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല.

2016-17 വർഷം വിവിധ പദ്ധതികൾക്കായി മരുന്ന് വാങ്ങുന്നതിന് തുക ചെലവഴിച്ചിട്ടു ണ്ടെങ്കിലും ചെലവഴിച്ച തുകയ്ക്കുള്ള മരുന്ന്പൂർണ്ണമായും ലഭിച്ചിട്ടില്ല. വിശദവിവരം:

| ക്രമ നം. | പ്രോജക്റ്റ് നം/പേര് (നിർവ്വഹണ ഉദ്യോഗസ്ഥൻ) | അടങ്കൽതുക/ ചെലവ് തുക/ഫണ്ടിനം | ബിൽ നം./ തീയതി | തുക നൽകി യതിന്റെ വിശദാംശം | റിമാർക്സ് |
|---|---|---|---|---|---|
| 1 | SO103/17, ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ (M O, Homoeo) | 500000/- (മെയിന്റനൻസ് ഫണ്ട്- റോഡിതരം) | 1/16-17, 18.02.17 | 500000/- രൂപ ഹോംകോയ്ക്ക് ട്രാൻസ്ഫർ ചെയ്ത് നൽകിയിട്ടുണ്ട്. | 197820/- രൂപയുടെ മരുന്നുകൾ മാത്ര മാണ് ലഭിച്ചിട്ടു ള്ളത്. 302180/- രൂപയുടെ മരുന്ന കൾ ലഭ്യമായിട്ടില്ല. |
| 2 | SOO 46/17 പേര്: ആയുർവേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ. (MO Ayurvedam) | 600000/- (മെയിന്റനൻസ് ഫണ്ട്- റോഡിതരം) 3/16-17, 23.11.16 | 3/16-17, 23.11.16 | 600000/- രൂപ ഔഷധിയ്ക്ക് ട്രാൻസ്ഫർ ചെയ്ത് നൽകിയിട്ടുണ്ട് | 396750/- രൂപയുടെ മരുന്നുകൾ ലഭിച്ചി ട്ടുണ്ട്. 203250/- രൂപയുടെ മരുന്ന കൾ ലഭ്യമായിട്ടില്ല. |
| 3 | നം: SO44/17 പേര്: ഏദ് രോഗികൾക്ക് മരുന്ന് വാങ്ങൽ (MO Taluk hospital) | അടങ്കൽ: 239068/- (വികസന ഫണ്ട്) | 8/16-17, 29.03.17, 139068/- 4/16-17, 31.03.17, 100000/- | 239068/- രൂപ പിൻവലിച്ച് ഇൻഹൗസ് ഡ്രഗ്ഹൗസ് എന്ന സ്ഥാപന ത്തിന് നല്കിയിട്ടുണ്ട്. | 100000/- രൂപയുടെ മരുന്നാണ് ഇതുവരെ ലഭിച്ചത്. 139068/- രൂപയുടെ മരുന്നുകൾ ലഭിച്ചിട്ടില്ല. |

മരുന്നുകൾ പൂർണ്ണമായും ലഭ്യമാക്കാൻ വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്.

## 3-9 സബ്സിഡിയിൽ അധികരിച്ച് തുക ചെലവഴിച്ചു

1. പ്രോജക്ട് നം. - SO108/17

പേര് - സമഗ്രപയർവർഗ്ഗകൃഷി വികസനം

അടങ്കൽ - 207500/-(വി.ഫ. 166000/-, ഗുണ.വി. 41500/-)

ചെലവ് - 38180/-( വി.ഫ. 30544/-, ഗുണ.വി. 7636/-)

ബിൽ നം. തീയതി - 3/16-17, 16.03.17

2. പ്രോജക്ട് നം. - SO109/17

പേര് - ഫലവർഗ്ഗകൃഷി വികസനം

അടങ്കൽ - 99200 /- (വി.ഫ.77500/-, ഗുണ.വി. 21700/-)

ചെലവ് - 32640/- (വി.ഫ. 25430/-, ഗുണ.വി. 7210/-)

ബിൽ നം. തീയതി - 4/16-17, 16.03.17

3. പ്രോജക്ട് നം. - SO105/17

പേര് - വാഴകൃഷി വികസനം

അടങ്കൽ - 300700/-(വി.ഫ. 224750/-, ഗുണ.വി.75950/-)

ചെലവ് - 170720/-( വി.ഫ. 129315/-, ഗുണ.വി. 41405/-)

ബിൽ നം. തീയതി - 5/16-17, 16.03.17

ജി.ഒ(എം.എസ്)4/2016 തസ്വഭവ.11.01.2016 മാർഗരേഖ പ്രകാരം മേൽ സൂചിപ്പിച്ച പദ്ധതി പ്രകാരമുള്ള കൃഷികൾക്ക് സബ്സിഡി നിരക്കിന്റെ ഉയർന്ന പരിധി 75% മാണ്.എന്നാൽ സബ്സിഡി നിരക്കിൽ അധികരിച്ച് ഇുക ചെലവാക്കിയതായി കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം./പേര് | ഇനംഅളവ്, ആകെ തുക | ഗുണഭോക്തൃ വിഹിതം | | | വികസന ഫണ്ട് | | |
|---|---|---|---|---|---|---|---|
| | | ഈടാക്കിയത് | ഈടാക്കേണ്ടത് | വ്യത്യാസം | ചെലവാക്കിയത് | ചെലവാക്കേണ്ടത് | വ്യത്യാസം |
| SO108/17സമഗ്രപയർവർഗ്ഗകൃഷി വികസനം | പയർ 160/kg x23=3680<br>വളം 1725/kgx20=34500 ആകെ =38180 | 7636 | 9545 | 1909 | 30544 | 28635 | 1909 |
| SO109/17 ഫലവർഗ്ഗ കൃഷി വികസനം | ഫ്രൂട്ട്പ്ലാന്റ് കിറ്റ് 200x102 = 20400<br>ജൈവ വളം 12/kgx1020= 12240 ആകെ = 32640 | 7210 | 8160 | 950 | 25430 | 24480 | 950 |
| SO105/17 വാഴകൃഷി വികസനം | വാഴതൈ 20x2640=52800/- വേപ്പിൻ പിണ്ണാക്ക് 25/kg x4224= 105600/- സ്യൂഡോ മൊണാസ് 70/kg x176=12320/- | 41405 | 45760 | 4355 | 129315 | 124960 | 4355 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | | |
| ആകെ | | | | | | | 7214 |

മേൽ പ്രോജക്ടുകൾക്കായി ഗുണഭോക്തൃവിഹിതം ഈടാക്കിയതിൽ 7214/- രൂപയുടെ കുറവ് വരുകയും പ്രസ്തുത തുക വികസന ഫണ്ടിൽ നിന്നും ചെലവാക്കുകയും ചെയ്തിരിക്കുന്നു. വികസനഫണ്ടിൽ നിന്നും അധികമായി നല്കിയ തുക തിരികെ ഈടാക്കേണ്ടതാണ്.

## 3-10 ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് ഇല്ലാതെ അംഗൻവാടികൾ പ്രവൃത്തിക്കുന്നു

*സർക്കുലർ നം.31055/DC2/2011/LSGD dated 22.3.2017 പ്രകാരം യാതൊരു കാരണവശാലും സുരക്ഷിതമല്ലാത്ത കെട്ടിടങ്ങളിൽ അംഗൻവാടികൾ പ്രവർത്തിക്കാൻ പാടില്ല. മതിയായ സുരക്ഷിതത്വം ഇല്ലാത്തപക്ഷം നിശ്ചയിക്കപ്പെട്ടിട്ടുള്ള പ്രകാരമുള്ള സുരക്ഷിതത്വ സംവിധാനങ്ങൾ പഞ്ചായത്ത് ഏർപ്പെടുത്തേണ്ടതാണ്. അല്ലാത്തപക്ഷം സുരക്ഷിതമായ മറ്റൊരു സ്ഥലത്തേയ്ക്ക് അംഗൻവാടി മാറ്റി പ്രവർത്തിക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറിയ്ക്ക് ഐ.സി. ഡി.എസ് സൂപ്പർവൈസർ ലഭ്യമാക്കിയ മറുപടിയിൽ താഴെ പറയുന്ന അംഗൻവാടികൾക്ക് 2016-17 കാലയളവിൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിച്ചിട്ടില്ല എന്ന് അറിയിച്ചിട്ടുണ്ട്.*

| ക്രമ നം. | സെന്റർ നം. | അങ്കണവാടിയുടെ പേര് |
|---|---|---|
| 1 | 2 | ചിറ്റാറ്റിൻകര |
| 2 | 3 | മാമം |
| 3 | 4 | വലിയകുന്ന് |
| 4 | 5 | മുനിസിപ്പൽ കോളനി |
| 5 | 8 | നക്രാംകോട് |
| 6 | 18 | കൊട്ടിയോട് |
| 7 | 19 | കുന്നുവാരം |
| 8 | 21 | ചുടുകാട് |
| 9 | 23 | കൊടിവച്ചവിള |

*ഇത് ഗുരുതരമായ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇല്ലാത്ത അംഗൻവാടികൾ സർക്കുലറിൽ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം സുരക്ഷിത കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.*

## 3-11 അയ്യൻകാളി നഗര തൊഴിലുറപ്പ് പദ്ധതി - അവലോകനം

2016-17 വർഷത്തിൽ അയ്യൻകാളി നഗര തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി നഗരസഭയിലെ വാർഡുകളിലെ 27 പ്രവൃത്തികളാണ് നിർവ്വഹിച്ചിരിക്കുന്നത്. ലേബർ ബജറ്റ് പ്രകാരം 263 പദ്ധതികളാണ് വിഭാവനം ചെയ്തിരുന്നത്. എന്നാൽ 40 പ്രവൃത്തികൾക്കു മാത്രമാണ് സാങ്കേതികാനുമതി ലഭിച്ചത്.അതിൽ 27പ്രവൃത്തികളാണ് തൻവർഷം പൂർത്തീകരിച്ചത്. തൻവർഷം 201 കുടുംബങ്ങൾ തൊഴിൽ ഡിമാന്റ് ചെയ്തിട്ടുണ്ട്. അതിൽ 206 പേർ പദ്ധതിയുടെ ഭാഗമായി തൊഴിലിലേർപ്പെട്ടു.3519 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നതിന് സാധിച്ചു.എന്നാൽ 100 ദിവസവും ആർക്കും തൊഴിൽ ലഭിച്ചിട്ടില്ല. പ്രവൃത്തികൾ കുറവായതിനാലാണ് ഇപ്രകാരം സംഭവിച്ചത്. 2016 ലെ ആകെ വരവ് 2743025/-രൂപയും ചെലവ് 1038898/-രൂപയുമാണ്. ജലസംരക്ഷണത്തിന്റെ ഭാഗമായി ഓട വൃത്തിയാക്കൽ, തോട് നവീകരണം കുളം വൃത്തിയാക്കൽ എന്നിവയും ഭൂവികസനത്തിന്റെ ഭാഗമായി ഹോസ്പിറ്റൽ പരിസരം നവീകരണം,റോഡ് സൈഡ് വൃത്തിയാക്കൽ എന്നിവയും നടത്തിയിട്ടുണ്ട്. ആസ്തി സൃഷ്ടിക്കുന്നതുമായി ബന്ധപ്പെട്ട് യാതൊരു പ്രവൃത്തിയും ചെയ്തിട്ടില്ല.സോഷ്യൽ ഓഡിറ്റ് നടത്തിയിട്ടില്ല.ആസ്തി രജിസ്റ്റർ ,പരാതി രജിസ്റ്റർ എന്നിവ പരിപാലിച്ചിട്ടില്ല.

## 3-12 നഗരസഭയിലെ സോഫ്റ്റ് വെയറുകളുടെ പ്രവർത്തനം- അവലോകനം

നഗരസഭയുടെ പ്രവർത്തനങ്ങൾക്കും കണക്കുകൾ തയ്യാറാക്കുന്നതിലും വളരെ ഉപയോഗപ്രദമാണ് സാംഖ്യ സോഫ്റ്റ് വെയർ. ഈ സോഫ്റ്റ് വെയറിലെ ചില പോരായ്മകൾ ചുവടെ ചേർക്കുന്നു.

1. നഗരസഭ ജീവനക്കാർക്ക് സാംഖ്യയിൽ പരിശീലനം നൽകിയിട്ട് 4 വർഷത്തോളമായി. ഇപ്പോൾ നഗരസഭയിലെ കൂടുതൽ അക്കൗണ്ടന്റുമാരും പരിശീലനം ലഭിക്കാത്തവരാണ്. സാംഖ്യ കൈകാര്യം ചെയ്യുന്ന എല്ലാ ജീവനക്കാർക്കും ആവശ്യമായ പരിശീലനം നൽകിയാൽ മാത്രമേ ശരിയായ രീതിയിൽ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റുകൾ തയ്യാറാക്കാൻ കഴിയുകയുള്ളൂ.
2. സിബൽസ് ജീവനക്കാരാണ് സോഫ്റ്റ് വെയർ കൂടുതലായി കൈകാര്യം ചെയ്തിരുന്നത്. എന്നാൽ അവരെ ഒഴിവാക്കിയെങ്കിലും പകരം സംവിധാനം ഇതുവരെ ഉണ്ടായിട്ടില്ല. വരും വർഷങ്ങളിൽ ശരിയായ രീതിയിൽ എ.എഫ്.എസ് തയ്യാറാക്കണമെങ്കിൽ ജീവനക്കാർക്ക് പരിശീലനം ലഭിച്ചാലേ കഴിയുകയുള്ളൂ.
3. നഗരസഭയിൽ പൊതുവായി വരുന്ന വരവുകൾക്കും ചെലവുകൾക്കും ധാരാളം ഹെഡ്ഡുകൾ കുറവുണ്ട്. ഉദാ: ഇ.പി.എഫ്, കോൺട്രിബ്യൂഷൻ പെൻഷൻ മുതലായവ.
4. ജീവനക്കാരുടെ ശമ്പളം നൽകുന്നതിന് പേ & അലവൻസ് എന്ന ഹെഡ്ഡാണ് ഉപയോഗിച്ചുവരുന്നത്. എന്നാൽ കോൺട്രിബ്യൂഷൻ പെൻഷൻ ഉള്ള ജീവനക്കാരുടെ ശമ്പളബിൽ മാത്രമുള്ളപ്പോൾ പെൻഷൻ കോൺട്രിബ്യൂഷൻ രേഖപ്പെടുത്താൻ കഴിയാത്തതിനാൽ പേ ഓർഡർ പൂർത്തിയാക്കാൻ കഴിയുന്നില്ല.
5. ജീവനക്കാരുടെ വേജസിൽ നിന്നും റിക്കവറി ഉള്ളതാണ്. എന്നാൽ പേ ഓർഡറിനോടൊപ്പം ലയബിലിറ്റിയായി രേഖപ്പെടുത്താൻ കഴിയുന്നില്ല.

സ്ഥാപന – ശമ്പളം : ജീവനക്കാരുടെ ശമ്പളം തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട ഈ സോഫ്റ്റ് വെയറിൽ ഡി.എ.കുടിശ്ശിക ബിൽ, പേറിവിഷൻ അരിയർ കുടിശ്ശിക ബിൽ എന്നിവ തയ്യാറാക്കാൻ കഴിയുന്നില്ല.

## 3-13 എർത്ത് ഫില്ലിംഗ് അധിക നിരക്ക് അനുവദിച്ചു. 19808/- രൂപ നിരാകരിക്കുന്നു.

താഴെ പറയുന്ന പ്രവൃത്തികളിൽ എർത്ത് ഫില്ലിംഗ് എന്ന ഇനത്തിന് അധിക നിരക്ക് അനുവദിച്ചതായി കാണുന്നു.

*1. കോട്ടാറവിള റോഡ് റീ ടാറിംഗ്.*

പദ്ധതി നം. : SO15/17

അടങ്കൽ തുക : 100000/-

ചെലവ് തുക : 74430/-വികസനഫണ്ട്

അളവ് പുസ്തകം : 20/16-17

ബിൽ നമ്പർ : 16/16-17(pw1-3956/16)dated 31.10.16

കോൺട്രാക്ടർ : നവാസ്, അനീസാ മൻസിൽ, ആറ്റിങ്ങൽ.

പ്രസ്തുത പ്രവൃത്തിയുടെ ഐറ്റം നമ്പർ 1(earth work filling with contractors'own earth cut and conveyed from available places with all leads and lifts spreading in layers and compaction by ramming എന്നാണ് അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുള്ളത്.ടി പ്രവൃത്തിക്ക് അനുവദിച്ചിരിക്കുന്ന നിരക്ക് 584.41/m3 ആണ്.ചെയ്ത പ്രവൃത്തിയുടെ അളവും അനുവദിച്ച തുകയും ചുവടെ ചേർക്കുന്നു.

9.16m3 x 584.41/m3 =5353.20

*2. ശാന്തിനഗർ റോഡ് കോൺക്രീറ്റിംഗ്.*

പദ്ധതി നം. : SO27/17

അടങ്കൽ തുക : 500000/-

ചെലവ് തുക : 398715/- വികസനഫണ്ട്

അളവ് പുസ്തകം : 9/16-17

ബിൽ നമ്പർ : 16/16-17(pw1-3582/16-17)dated 29.08.16

കോൺട്രാക്ടർ : സജീഷ് കുമാർ.

ടി പ്രവൃത്തിയുടെ ഐറ്റം നം 1 പ്രകാരം ചെയ്തിരിക്കുന്ന പ്രവൃത്തി ((filling earth cut and conveyed from available sourses in trenches,plinth,sides of foundation etc in layers not exceeding 20 cm in depth consolidating each deposited layer by ramming and watering lead upto 50 cm and lift upto 1.5cm) ആണ്.ടി പ്രവൃത്തി ചെയ്ത അളവും അനുവദിച്ച നിരക്കും ചുവടെ ചേർക്കുന്നു.

59. 45. m3 x584.41/m3 = 34743/-

മേൽ പറഞ്ഞിരിക്കുന്ന 2 പ്രവൃത്തികളും ചെയ്തിരിക്കുന്നത് നിലവിലുള്ള റോഡുകളിലാണ് എന്നതിനാലും നഗരസഭയ്ക്കകത്തു നിന്നോ നഗരസഭയ്ക്ക് പുറത്തു നിന്നോ മണ്ണെടുത്തതിന് രേഖകൾ ഇല്ലാത്തതിനാലും ആയത് ഓഡിറ്റ് എൻക്വയറിയിൽ അറിയിച്ചതിനെ തുടർന്ന് (എൻക്വയറി നം 42 തീയതി 28.09.17) ഹാജരാക്കാത്തതിനാലും എർത്ത് ഫില്ലിംഗ് 20 cm കവിയാത്തതിനാലും filling with contractors own earth (excluding rock) in open areas in layers not exceeding 20 cm in depth , consolidating each deposited layer by ramming and watering lead upto 50 m and lift upto 1.5 m എന്നതിന്റെ നിരക്കായ 295.85/m3 മാത്രമേ അനുവദിക്കേണ്ടതുള്ളൂ. ഇതുമായി ബന്ധപ്പെട്ട നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (no 42, dated: 28.9.17) റോളർ കൊണ്ട് കൺസോളിഡേഷൻ ഉള്ളതിനാലും റോഡ് പ്രവൃത്തികൾക്കായി തയ്യാറാക്കിയ observed data-യിൽ കുറഞ്ഞ നിരക്കുള്ളതുമാണ് അനുവദിച്ചതെന്ന് അറിയിച്ചു. എന്നാൽ പ്രസ്തുത മറുപടി അംഗീകരിക്കാവുന്നതല്ല.കാരണം തയ്യാറാക്കിയിരിക്കുന്ന എസ്റ്റിമേറ്റിലും അളവു പുസ്തകത്തിലും റോളർ ഉപയോഗിച്ചുള്ള പ്രവൃത്തിയല്ല ഉൾപ്പെടുത്തിയിരിക്കുന്നത്.മാത്രവുമല്ല റോഡ് പ്രവൃത്തികൾക്കായി observed data തയ്യാറാക്കിയിരിക്കുന്നത് DSR-ലെ എർത്ത് ഫില്ലിംഗ് സെക്ഷൻ 2-നെ അടിസ്ഥാന മാക്കിയാണ്. ആയതിനാൽ താഴെ പറയും പ്രകാരം അധികം നല്കിയ തുക നിരാകരിക്കുന്നു.

*1. കോട്ടറവിള റോഡ് റീടാറിംഗ്*

അനുവദിച്ച തുക - 9.16m3X 584.41/m3 = 5353.19

അനുവദിക്കേണ്ട തുക - 9.16m3 x295.85/m3 = 2710

അധികം നല്കിയ തുക - 2643.20

*2. ശാന്തി നഗർ റോഡ് കോൺക്രീറ്റിംഗ്*

അനുവദിച്ച തുക - 59.45m3 X 584.41/m3 = 34743

അനുവദിക്കേണ്ട തുക - 59.45m3 x295.85/m3 = 17588.28

അധികം നല്കിയ തുക - 17154.72

ആകെ അധികമായി നല്കിയ തുക = 2643+17155 = 19798/-

അധികമായി നല്കിയ തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാ ക്കേണ്ടതാണ്.

## 3-14 നഗരസഭയ്ക്ക് ജനറേറ്റർ വാങ്ങൽ - നടപടി ക്രമങ്ങളിൽ വീഴ്ച

പദ്ധതി നം. : SO 12/17

അടങ്കൽ തുക : 319400/-

ചെലവ് തുക : 319400/-

ബിൽ നം തീയതി : 3/16-17, 17.02.17

നിർവ്വഹണോദ്യോഗസ്ഥൻ : മുൻസിപ്പൽ എഞ്ചിനീയർ

2014-15 വർഷത്തിൽ ഏകവർഷ പദ്ധതിയായി 7.5 ലക്ഷം രൂപ വകയിരുത്തി നഗരസഭയ്ക്ക് ജനറേറ്റർ വാങ്ങുന്നതിന് പദ്ധതി തയ്യാറാക്കി അംഗീകാരം വാങ്ങുകയുണ്ടായി. 2014-15 ൽ പണി പൂർത്തിയാകാത്തതിനെ തുടർന്ന് 2015-16 ൽ സ്പിൽ ഓവറായി പദ്ധതി ഉൾപ്പെടുത്തി.തിരുവനന്തപുരം ജില്ലാപഞ്ചായത്ത് കൺസൾട്ടന്റ് എഞ്ചിനീയറുടെ എസ്റ്റിമേറ്റിനെ അടിസ്ഥാനമാക്കി 50 KVA ഡീസൽ ജനറേറ്റർ ടെന്റർ കൂടാതെ BHEL ബദ്രഡുക്ക കാസർകോട് എന്ന സ്ഥാപനത്തിൽ നിന്നും നേരിട്ട് വാങ്ങുന്നതിനും BHEL ആവശ്യപ്പെട്ടതിൽ പ്രകാരം ടി സ്ഥാപനത്തിന്റെ എസ്റ്റിമേറ്റ് തുകയായ 430600/-രൂപ അഡ്വാൻസായി നൽകുന്നതിനും 16.03.16 ൽ കൂടിയ നഗരസഭ കൗൺസിൽ തീരുമാനിച്ചു.തുടർന്ന് 15.04.16-ന് ടി തുക സ്ഥാപനത്തിന് കൈമാറി.

2015-16 ലും പ്രസ്തുത പ്രവൃത്തി പൂർത്തിയാകാത്തതിനാൽ സ്പിൽ ഓവർ പദ്ധതിയായി 2016-17 വർഷം ഉൾപ്പെടുത്തി. തുടർന്ന് 11.11.16 ൽ ഇൻസ്റ്റാൾ ചെയ്യുകയും 319400/-രൂപ BHEL-ന് tranfer creditചെയ്യുകയുമുണ്ടായി.

ഓഡിറ്റ് നിരീക്ഷണങ്ങൾ

1. പദ്ധതി മാർഗരേഖ ജി ഒ (എം എസ് ) 4/2016.ത.സ്വ.ഭ.വ തീയതി 11.01.2016 ഖണ്ഡിക 12(e) പ്രകാരം ഒരു സ്പിൽ ഓവർ പ്രോജക്ട് സ്പിൽ ഓവറായ വർഷം തന്നെ പൂർത്തിയാക്കണമെന്ന് നിഷ്കർഷിക്കുന്നു. എന്നാൽ പ്രസ്തുത പദ്ധതി ഏക വർഷ പദ്ധതിയായി അംഗീകാരം വാങ്ങി ആരംഭിച്ചെങ്കിലും മൂന്നാം വർഷം വരെ നീണ്ടുപോയിരിക്കുന്നു. ഈ വിഷയം സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം15/22.09.17 ) പദ്ധതി രൂപീകരണ മാർഗരേഖയിൽ പറയുന്ന രീതിയിലാണ് കൗൺസിൽ തീരുമാനം എടുത്തത് എന്ന് മറുപടി നല്കിയെങ്കിലും അത് അംഗീകരിക്കാവുന്നതല്ല.
2. BHEL എന്ന സ്ഥാപനത്തിൽ നിന്നും ഡീസൽ ജനറേറ്റർ നേരിട്ടു വാങ്ങുന്നതിന് സർക്കാർ ഉത്തരവ് ജി.ഒ (ആർ.ടി )നം 29/2013/ എസ്.പി ഡി തീയതി 25.03.12 പ്രകാരം 24.03.15 വരെയും ജി.ഒ (ആർ.ടി) നം.25/15 എസ്.പി.ഡി. തീയതി. 21.05.15 പ്രകാരം 24.03. 16 വരെയും മാത്രമേ അനുവാദമുണ്ടായിരുന്നുള്ളു. എന്നാൽ ആദ്യഘട്ട ചെലവ് നടത്തിയിരിക്കുന്നത് 15.04.16-നാണ്. 24.03.16നു ശേഷം ടി സ്ഥാപനത്തിൽ നിന്നും ജനറേറ്റർ വാങ്ങുന്നതിന് സർക്കാർ ഉത്തരവ് ഉണ്ടെങ്കിൽ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടിരുന്നെങ്കിലും ലഭ്യമാക്കിയിട്ടില്ല. സർക്കാർ ഉത്തരവ് ലഭ്യമാക്കേണ്ടതാണ്.
3. പദ്ധതികൾ നടപ്പിലാക്കുന്നതിന് മുന്നോടിയായി സ്ഥാപനവുമായി കരാർ ചമയ്ക്കാത്തത് ചട്ട വിരുദ്ധമാണ്.
4. ഉടമ്പടി പ്രകാരമല്ലാതെ തുക പദ്ധതി നിർവ്വഹണ ഘട്ടത്തിലല്ലാതെ തന്നെ അഡ്വാൻസായി

നല്കിയിരിക്കുന്നത് ചട്ട വിരുദ്ധമാണ്.

5. BHEL ലഭ്യമാക്കിയ വ്യവസ്ഥകൾ പ്രകാരം അഡ്വാൻസ് തുക കൈപ്പറ്റി 2മാസ ത്തിനകം ജനറേറ്റർ സ്ഥാപിക്കേണ്ടിയിരുന്നു. എന്നാൽ അഡ്വാൻസ് കൈപ്പറ്റി 5മാസം കഴിഞ്ഞിട്ടും ജനറേറ്റർ സ്ഥാപിക്കാത്തതിനാൽ 20.09.2016-ൽ G4-4842/15- ാം നമ്പറായി നഗരസഭ മുൻസിപ്പൽ എഞ്ചിനീയർ ടി സ്ഥാപനത്തിന് അറിയിപ്പ് നല്കുകയുണ്ടായി. തുടർന്ന് 11.11.2016-ൽ ജനറേറ്റർ ഇൻസ്റ്റാൾ ചെയ്തു. അതായത് 6മാസവും 17 ദിവസവും കഴിഞ്ഞാണ് നഗരസഭയിൽ ജനറേറ്റർ സ്ഥാപിച്ചത്. ടി വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയതായി കാണുന്നില്ല.പദ്ധതി നിർവ്വഹണമാർഗനിർദ്ദേശങ്ങൾക്കനുസൃതമായി കരാർ ചമച്ചിരുന്നെങ്കിൽ കരാർ ലംഘനത്തിന് പിഴയീടാക്കാമായിരുന്നു

## 3-15 <u>സർക്കാരിലേയ്ക്ക് അടവാക്കേണ്ട നികുതി തുകകൾ യഥാസമയം അടവാക്കുന്നില്ല.</u>

സർക്കാരിലേയ്ക്ക് അടവാക്കേണ്ട സർവ്വീസ് ടാക്സ്, ലൈബ്രറി സെസ്, സിനിമാസെസ് എന്നിവ 2016-17 വർഷം പിരിച്ചെടുത്തിട്ടുള്ളതും, മുൻവർഷങ്ങളിൽ പിരിച്ചെടുത്ത തുമായ തുകകൾ യഥാസമയം സർക്കാരിലേയ്ക്ക് അടവാക്കുന്നില്ല. കൂടാതെ ധനകാര്യ പത്രികയിലെ B9 ഷെഡ്യൂൾ, വൗച്ചർ, രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ സർക്കാരിലേയ്ക്ക് അടവാക്കാനുള്ള തുകകളിൽ വ്യത്യാസം ഉണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

*1. നികുതിയിനങ്ങളിലെ കുടിശിക (രജിസ്റ്റർ പ്രകാരമുള്ളത്)*

| നികുതി ഇനം | കുടിശിക | 2016-17ലെ വരവ് | ആകെ | 2016-17-ൽ അടവാക്കിയത് | അടവാക്കാനുള്ളത് |
|---|---|---|---|---|---|
| സിനിമാസെസ് | 62100 | 1506546 | 1568646 | 1045155 | 523491 |
| ലൈബ്രറി സെസ് | 1303810 (14-15 II 15-16 I &II) | 935276 | 2239086 | 818511 (14-15 II 15-16 I) | 1420575 |
| സർവ്വീസ് ടാക്സ് | - | 784580 | 784580 | 784580 | - |

2. വാർഷിക ധനകാര്യ പത്രികയിലെ കുടിശികയും രജിസ്റ്ററുകളിലെ കുടിശികയും തമ്മിലുള്ള വ്യത്യാസം

| ഇനം | B4 ഷെഡ്യൂൾ പ്രകാരമുള്ള കുടിശിക | രജിസ്റ്റർ പ്രകാരമുള്ള കുടിശിക |
|---|---|---|
| ലൈബ്രറി സെസ് | 1851601.95 | 1420575 |
| സർവ്വീസ് ടാക്സ് | 236691 | ഇല്ല |
| സിനിമാസെസ് | 1044019 | 523491 |

വാർഷിക ധനകാര്യ പത്രികയിലെയും രജിസ്റ്ററിലെയും കുടിശിക തമ്മിലുള്ള വ്യത്യാസം ധനകാര്യ പത്രിക തയ്യാറാക്കുന്നതിലെ ഗുരുതര പിഴവായി ഓഡിറ്റ് വിലയിരുത്തുന്നു. കുടിശികകൾ യഥാസമയം സർക്കാരിൽ ഒടുക്കുവരുത്തി വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ പരിഹരിക്കേണ്ടതും ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 3-16 ജീവനക്കാരുടെ ക്ഷാമബത്ത കുടിശിക യഥാസമയം അടവാക്കിയിട്ടില്ല.

സർക്കാർ കാലാകാലങ്ങളിൽ പ്രഖ്യാപിക്കുന്ന ക്ഷാമബത്ത, ജീവനക്കാർക്ക് കുടിശികയായി നൽകുന്നത് അവരുടെ പി.എഫ് അക്കൗണ്ടിൽ യഥാസമയം അടവാക്കുന്നതിൽ നഗരസഭ വീഴ്ച വരുത്തിയിട്ടുണ്ട്. നിലവിൽ 31.12.2013 വരെയുള്ള ക്ഷാമബത്ത മാത്രമേ ജീവനക്കാരുടെ പി.എഫ്-ൽ ഒടുക്കിയിട്ടുള്ളൂ. 01.01.2014 മുതൽ നാളിതുവരെ ആകെ 1729546/-രൂപ ഒടുക്കുവാൻ അവശേഷിക്കുന്നു.

വിശദ വിവരം ചുവടെ ചേർക്കുന്നു.

ശമ്പള പരിഷ്കരണത്തിനു മുമ്പുള്ള ക്ഷാമബത്ത കുടിശിക - 1157520 (73% മുതൽ 98 % വരെ)

ശമ്പള പരിഷ്കരണത്തിനു ശേഷമുള്ള ക്ഷാമബത്ത - 572026

കുടിശിക (9% മുതൽ 14 % വരെ) -----------

ആകെ 1729546

=======

തനത് ഫണ്ടിന്റെ അപര്യാപ്തത മൂലമാണ് ക്ഷാമബത്ത കുടിശിക യഥാസമയം അടവാക്കുന്നതിൽ വീഴ്ച വന്നതെന്ന് നഗരസഭാധികൃതർ അറിയിച്ചിട്ടുണ്ട്. ജീവനക്കാരുടെ ക്ഷാമബത്ത കുടിശിക യഥാസമയം പി.എഫ് അക്കൗണ്ടിൽ അടവാക്കാൻ അധികൃതർ ശ്രദ്ധിക്കേണ്ടതും, കുടിശിക അടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

# ഭാഗം-4
# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച തുകയുടെ വിവരങ്ങൾ

ഇല്ല

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ ചെക്ക് നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ളതുക |
|---|---|---|---|---|---|
| കെ.എസ്. ഇ. ബി | സോളാർ പാനൽ | 57065480/37 | 2000000 | 2000000 | - |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം

മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|
| 2015 | 3.2.2.2 | വാർഡ് സാനിട്ടേഷൻ കമ്മിറ്റി സംബന്ധിച്ച് | കമ്മിറ്റി പ്രവർത്തനങ്ങൾ തൃപ്തികരമായി നടത്തി വരുന്നു. |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

*(എ) സംക്ഷിപ്ത വിവരം*

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് തുക ഉൾപ്പെടെ) | 264200869 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 199610709 |
| വരവിനങ്ങളിലുള്ള നഷ്ടം ഖണ്ഡിക 2(8) എ, 2(8) ബി, 2(9) | 66774 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 27012 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 490664 |

*(ബി) നഗരസഭ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം*

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2(8) എ | 29948 | - | ശ്രീമതി.ജി.റാണി, മുനിസിപ്പൽ എഞ്ചിനീയർ |
| 2(8) ബി | 34595 | - | ,, |
| 2(9) | 2231 | - | ,, |
| 3-9 | - | 7214 | ശ്രീ.പുരുഷോത്തമൻ, കൃഷി ഓഫീസർ |

| | | | |
|---|---|---|---|
| 3-13 | - | 19798 | ശ്രീമതി.ജി.റാണി, മുനിസിപ്പൽ എഞ്ചിനീയർ |

*(സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക*

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 421326/- | ശ്രീ.ആർ.പ്രദീപ് കുമാർ, സെക്രട്ടറി |
| 3-4 | 69338/- | ശ്രീമതി.ജി.റാണി, നഗരസഭ എഞ്ചിനീയർ |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1976-77 | എൽ.എഫ്.റ്റി.ഡി.4/1260(5)/86 തീയതി.20-06-1983 | - | |
| 1977-78 | എൽ.എഫ്.റ്റി.ഡി.4/1064 /84.തീയതി.24-04-1987 | - | |
| 1979-80 | എൽ.എഫ്.റ്റി.ഡി.4/812 /87.തീയതി.31-10-1987 | - | |
| 1980-81 | എൽ.എഫ്.റ്റി.ഡി.4/951/84 തീയതി.02-05-1987 | - | |
| 1981-82 | എൽ.എഫ്.റ്റി.ഡി.4/831 /86.തീയതി.20-01-1987 | - | |
| 1982-83 | എൽ.എഫ്.റ്റി.ഡി.4/1194 /85.തീയതി.14-07-1986 | | |
| 1983-84 | എൽ.എഫ്.റ്റി.ഡി.4/746 /89.തീയതി.30-06-1980 | - | |
| 1984-85 | എൽ.എഫ്.റ്റി.ഡി.4/232 /91.തീയതി.16-04-1991 | - | |
| 1985-86 | എൽ.എഫ്.റ്റി.ഡി4/1627 /92.തീയതി.23-02-1995 | - | |
| 1986-87 | എൽ.എഫ്.റ്റി.ഡി.4/997/94. തീയതി.02-03-96/10-12-1997 | - | |
| 1987-88 | എൽ.എഫ്.റ്റി.ഡി.4/997/94 തീയതി. 02-03-96/10-12-1997 | - | |
| 1988-89 | എൽ.എഫ്.റ്റി.ഡി.13/95 തീയതി.10-04-96/31-12-1997 | - | |
| 1989-90 | എൽ.എഫ്.റ്റി.ഡി.13/95. തീയതി.10-04-96/31-12-1997 | - | |
| 1990-91 | എൽ.എഫ്.റ്റി.ഡി.4/917/96 തീയതി.03-09-97/09-09-1998 | - | |

| | | | |
|---|---|---|---|
| 1996-97 | എൽ.എഫ്.റ്റി.ഡി.എം.എൽ.1203/03 തീയതി.16-03-2004 | 47 | |
| 1997-98 | എൽ.എഫ്.റ്റി.ഡി.എം.എൽ. | 38 | |
| 1998-99 | എൽ.എഫ്.റ്റി.ഡി.എം.എൽ.531/08 | 58 | |
| 1999-2000 | എൽ.എഫ്.റ്റി.ഡി.എം.എൽ.696/06 തീയതി.28-04-2006 | 69 | |
| 2000-2001 | എൽ.എഫ്.റ്റി.ഡി.എം.എൽ.693/2005 തീയതി.03-05-2007 | 38 | |
| 2001-2002 | എൽ.എഫ്.റ്റി.ഡി.എം.എൽ.1475/2006 തീയതി.21-07-08 | 25 | |
| 2002-2003 | എൽ.എഫ്.റ്റി.ഡി.എം.എൽ.1343/2008 തീയതി.14-05-2009 | 21 | |
| 2003-2004 | എൽ.എഫ്.റ്റി.ഡി.എം.എൽ.<br>1475/14 തീയതി.20-10-2014 | 46 | |
| 2004-2005 | എൽ.എഫ്.റ്റി.ഡി.എം.എൽ.331/2009 തീയതി.15-05-2009 | 26 | |
| 2005-2006 | എൽ.എഫ്.റ്റി.ഡി.എം.എൽ.1412/09 തീയതി.29-09-12 | 16 | |
| 2006-2007 | എൽ.എഫ്.റ്റി.ഡി.എം.എൽ.1413/09 തീയതി.03-07-12 | 22 | |
| 2007-2008 | എൽ.എഫ്.റ്റി.ഡി.എം.എൽ.958/13 തീയതി.13-01-2014 | 14 | |
| 2008-2009 | എൽ.എഫ്.റ്റി.ഡി.എം.എൽ.1708/14 തീയതി.14-12-14 | 19 | |
| 2009-2010 | എൽ.എഫ്.റ്റി.ഡി.എം.എൽ.23/15 തീയതി.04-09-15 | 14 | |
| 2010-2011 | എൽ.എഫ്.റ്റി.ഡി.എം.എൽ.1999/14 തീയതി.15-12-2014 | 21 | |
| 2011-2012 | എൽ.എഫ്.റ്റി.ഡി.എം.എൽ.2080/14 തീയതി.18-12-14 | 24 | |
| 2012-2013 | എൽ.എഫ്.റ്റി.ഡി.എം.എൽ.1142/15 തീയതി.27-07-15 | 29 | |
| 2013-2014 | എൽ.എഫ്.റ്റി.ഡി.എം.എൽ. | 29 | |
| 2014-2015 | കെ.എസ്.എ.റ്റി.വി.എം.എം.എൽ/1286/15<br>തീയതി.11-08-2016 | 14 | |
| 2015-16 | കെ.എസ്.എ.റ്റി. വി.എം./എം.എൽ.52/ 2016. തീയതി 11.1.2017 | 22 | |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡി കകൾ തീർപ്പാ ക്കാൻ അടിയ ന്തിര നടപടി സ്വീകരിക്കേണ്ടതാണ്

ഒപ്പ്

ജോയിന്റ് ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

അനുബന്ധം I

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ് (4), 1994 ലെ കേരള നഗരപാലിക നിയമത്തിലെ 295 (4) വകുപ്പ് എന്നിവ അനുസരിച്ചും നഗരപാലികാ സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കൺട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും ആറ്റിങ്ങൽ നഗരസഭയുടെ 2016-17 സാമ്പത്തിക വർഷത്തെ വാർഷികധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഇത് തയ്യാറാക്കിയത് 1994 ലെ കേരള നഗരപാലികാ നിയമത്തിന്റെ 295-ാം വകുപ്പും

2003 ജൂൺ 12 ലെ നമ്പർ.319/2003/ധന തീയതി 12-06-2003 ഉത്തരവും അനുസരിച്ചാണ്

അനുബന്ധം

ന്യൂനതകളുടെ സംഗ്രഹം

1. ആസ്തി ബാധ്യതകൾ പൂർണമായും ഉൾപ്പെടുത്തിയിട്ടില്ല. ഉദാഹരണം 3/17 വരെയുള്ള വെള്ളക്കരം കുടിശ്ശിക 5345852/-രൂപ. ആസ്തി രജിസ്റ്റർ അപ്ഗ്രഡേഷൻ പൂർത്തിയാ യിട്ടില്ല.

2. വരവിനങ്ങളിലെ പൊരുത്തക്കേട്

| | വാർഷിക ധനകാര്യ പത്രിക പ്രകാരം | രജിസ്റ്റർ/രേഖകൾ പ്രകാരം |
|---|---|---|
| ടൗൺഹാൾ വാടക | 2095775 | 2087775 |
| കോൺഫറൻസ്ഹാൾ | 185750 | 166250 |
| വിനോദ നികുതി | 8181943 | ഡി.സി.ബി. തയ്യാറാക്കിയിട്ടില്ല. |
| വസ്തു നികുതി | 14781830 (കറണ്ട്)<br>4034819 (അരിയർ) | 352870(സഞ്ചയ 31.3.17 പ്രകാരം)<br>26768 |
| ബസ്സ്റ്റാന്റ് ഫീസ് | 1200750 | 1600999 |
| സ്ലോട്ടർ ഹൗസ് ഫീ | 620000 | 720000 |

3. സാംഖ്യ ജനറൽ ലഡ്ജർ ട്രയൽ ബാലൻസിലെ എക്സസ് ഓഫ് ഇൻകം ഓവർ എക്സ്പെൻഡിച്ചർ എന്ന ഹെഡിലെ 2015-16 ലെ സി.ബി 2016-17 ലെ ഒ.ബി യുമായി പൊരുത്തപ്പെടുന്നില്ല. 31.03.16-ലെ ബാലൻസ് 4109098.55, 01.04.16 ലെ ബാലൻസ് 2232721/-

ഒപ്പ്

ജോയിന്റ് ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.